بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

ലക്കം 30

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ജൂലൈ 24 • ഹി.ശം 1404 വഫാ 24 • ഹി:ഖ 1446 മുഹർറം 28

## അല്ലാഹുവിന്റെ വചനം

لَیۡسَ عَلَیۡکُمۡ جُنَاحٌ
اَنۡ تَبۡتَغُوۡا فَضۡلًا مِّنۡ رَّبِّکُمۡ ؕ
فَاِذَاۤ اَفَضۡتُمۡ مِّنۡ عَرَفٰتٍ
فَاذۡکُرُوا اللّٰہَ عِنۡدَ الۡمَشۡعَرِ الۡحَرَامِ ۪

(سورۃ البقرۃ:199)

(ഹജ്ജുവേളയിൽ) നിങ്ങളുടെ നാഥനിൽനിന്നുളള അനുഗ്രഹം അന്വേഷിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. അങ്ങനെ നിങ്ങൾ അറഫാത്തിൽനിന്ന് മടങ്ങിക്കഴിഞ്ഞാൽ മശ്ഹറുൽ ഹറാമിന്നടുത്തുവെച്ച് (മുസ്ദലിഫയിൽ)അല്ലാഹുവിനെ സ്മരിക്കുക.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**എതെങ്കിലും ദുആ തന്റെ ഇച്ഛയും ഉദ്ദേശ്യവുമനുസരിച്ച് നടക്കാതെ വന്നാൽത്തന്നെയും അല്ലാഹുവിനെ തെറ്റുധരിക്കാതിരിക്കുക.**
**പ്രത്യുത ഈ അപജയത്തെ തന്റെ ഏതെങ്കിലും തെറ്റുകൊണ്ടാണെന്ന് കരുതി അല്ലാഹുവിന്റെ സമ്പ്രീതിയിൽ ആത്മാർഥതയോടെ സംതൃപ്തനാകുക.**
**എന്റെ യജമാനൻ ഇതാണ് ആഗ്രഹിക്കുന്നതെന്ന് മനസ്സിലാക്കുകയും ചെയ്യുക.**
***ദുആ സ്വീകാര്യതയുടെ തത്ത്വം***

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

ദുആ അഥവാ പ്രാർഥന വലിയ കാര്യമാണ്. വിഷമകരമെന്നു പറയട്ടെ, അതെന്താണെന്ന് ആളുകൾ മനസ്സിലാക്കുന്നില്ല. ഏതുതരത്തിലും ഏതു അവസ്ഥയിൽ ചെയ്താലും സകല ദുആകളും നിർബന്ധമായും സ്വീകരിക്കപ്പെടേണ്ടതാണെന്ന് ചിലയാളുകൾ മനസ്സിലാക്കുന്നു. അതുകൊണ്ട് ആരെങ്കിലും ദുആ ചെയ്യുകയും തങ്ങളുടെ മനസ്സിൽ ഉറപ്പിച്ചിരിക്കുന്ന രീതിയനുസരിച്ച് പുലരുന്നത് കാണാതെ വരുകയും ചെയ്യുമ്പോൾ നിരാശരും ആശയറ്റവരുമായി അല്ലാഹുവിനെക്കുറിച്ച് തെറ്റുധരിച്ചവരായിത്തീരുന്നു. വാസ്തവത്തിൽ സത്യവിശ്വാസിയ്ക്ക് വേണ്ടത്, ബാഹ്യമായി അവന്റെ ദുആയുടെ ഉദ്ദേശ്യം കരസ്ഥമായില്ലെങ്കിൽത്തന്നെയും നിരാശനാവാൻ പാടില്ല. കാരണം ദൈവകാരുണ്യം അവൻ ചെയ്ത ദുആ അവന് ഫലപ്രദമായി നിശ്ചയിച്ചില്ല. നോക്കൂ!കുഞ്ഞ് ഒരു തീക്കനൽ പിടിക്കാനാഗ്രഹിച്ചാൽ മാതാവ് ഓടിച്ചെന്ന് ആ കുഞ്ഞിനെ പിടിക്കും. എന്നല്ല കുട്ടിയുടെ ആ വിവരക്കേടിൽ അതിന് കരണത്തൊരു അടി കൊടുത്താലും അത്ഭുതപ്പെടേണ്ടതില്ല. ഇപ്രകാരം ഞാൻ ഈ ദുആയുടെ തത്ത്വത്തിൽ ചിന്തിക്കുമ്പോൾ എനിക്കൊരു ആനന്ദവും സന്തോഷവുമുണ്ടാകുകയും സർവജ്ഞനും അറിവുള്ളവനുമായ അല്ലാഹു ഏതു ദുആയാണ് ഫലപ്രദമെന്ന് അറിയുകയും ചെയ്യുന്നുവെന്ന് കാണുകയും ചെയ്യുന്നു.

### ദുആയുടെ മര്യാദ

ആളുകൾ ദുആ ചെയ്യുന്നതിനുവേണ്ടി കത്തുകൾ അയക്കുകയും തങ്ങൾക്കുവേണ്ടി ചെയ്യുന്ന ഈ ദുആ സ്വകരിക്കപ്പെട്ടില്ലെങ്കിൽ കള്ളവാദിയെന്നു തങ്ങൾ മനസ്സിലാക്കുമെന്ന് ഒപ്പം എഴുതുകയും ചെയ്യുന്നു. വരുവിൻ! ഈ യാളുകൾ ദുആയുടെ മര്യാദകളെക്കുറിച്ച് എത്രമാത്രം അജ്ഞരാണ്. ദുആ ചെയ്യുന്നയാൾക്കും ചെയ്യിക്കുന്നയാൾക്കുമുള്ള നിബന്ധനകളെന്താണെന്ന് അവർക്കറിയില്ല. ദുആ ചെയ്യുന്നതിനുമുമ്പേതന്നെ തെറ്റായധാരണയുടെ ഇരയായിത്തീരുന്നു. തങ്ങൾ വിശ്വസിച്ചതിന്റെ ഔദാര്യം പ്രകടിപ്പിക്കാനാഗ്രഹിക്കുന്നു. വിശ്വസിക്കുകയില്ലെന്നും നിഷേധിക്കുമെന്നും ഭീഷണിപ്പെടുത്തുന്നു. അത്തരം കത്തുകൾ വായിക്കുമ്പോൾ എനിക്ക് നാറ്റം വരുന്നു. ഇതിനെക്കാൾ നല്ലത് അവർ ദുആയ്ക്കുവേണ്ടി കത്തെഴുതാതിരുന്നങ്കിലെന്നാണ് ഞാൻ കരുതുന്നത്.

ഞാൻ പല പ്രാവശ്യവും ഇക്കാര്യം വിവരിച്ചിട്ടുള്ളതാണ്. വീണ്ടും ഹ്രസ്വമായി വിവരിക്കുകയാണ്. അല്ലാഹു തന്റെ ദാസന്മാരോടു സൗഹാർദ്ദപരമായി കാര്യം നടത്താനാണ് ആഗ്രഹിക്കുന്നത്. സുഹൃത്തുക്കൾ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും കൈമാറ്റമുണ്ട്. ഇപ്രകാരം അല്ലാഹുവും അവന്റെ ദാസനും തമ്മിലും അങ്ങോട്ടുമിങ്ങോട്ടും ഒരു കൈമാറ്റമുണ്ട്. അല്ലാഹുവിന്റെ പക്കലുള്ള കൈമാറ്റമെന്നത് ഏതുപോലെ അവൻ തന്റെ ദാസരുടെ ആയിരക്കണക്കിന് ദുആ കേൾക്കുകയും സ്വീകരിക്കുകയും അവന്റെ കുറവുകൾ മറച്ചുവെക്കുകയും ചെയ്യുന്നുവോ അവൻ നിന്ദ്യനിൽനിന്ദ്യനായ വ്യക്തിയായിരുന്നിട്ടും അവന്റെമേൽ അനുഗ്രഹവും കരുണയും ചെയ്യുന്നു. ഇപ്രകാരം അല്ലാഹുവിന്റെ അവകാശമാണ് അല്ലാഹു പറയുന്നകാര്യവും അവൻ സ്വീകരിക്കണമെന്നതും. അതായത് എതെങ്കിലും ദുആ തന്റെ ഇച്ഛയും ഉദ്ദേശ്യവുമനുസരിച്ച് നടക്കാതെ വന്നാൽത്തന്നെയും അല്ലാഹുവിനെ തെറ്റുധരിക്കാതിരിക്കുക. പ്രത്യുത ഈ അപജയത്തെ തന്റെ ഏതെങ്കിലും തെറ്റുകൊണ്ടാണെന്ന് കരുതി അല്ലാഹുവിന്റെ സമ്പ്രീതിയിൽ ആത്മാർഥതയോടെ സംതൃപ്തനാകുക. തന്റെ യജമാനൻ ഇതാണ് ആഗ്രഹിക്കുന്നതെന്ന് മനസ്സിലാക്കുകയും ചെയ്യുക."(മൽഫൂദാത്ത് വാള്യം 2, പേജ് 77-78, 2018 പതിപ്പ്, ഖാദിയാൻ)

**നബിﷺതിരുമേനി അമാനത്തുകളുടേയും സത്യസന്ധതയുടേയും നിയമങ്ങളനുസരിച്ച് വളരെ ശക്തമായി പ്രവർത്തിച്ചിരുന്നു.**
**സ്വഹാബത്ത് നബിﷺതിരുമേനിയിൽനിന്ന് ഈ പാഠം പഠിച്ചു. അവരും അതനുസരിച്ച് എത്രമാത്രം കൃത്യനിഷ്ഠയോടെ പ്രവർത്തിച്ചുവെന്നാൽ, അതിന്റെ ഉദാഹരണം ഇന്ന് സംസ്കാരത്തിന്റേയും സഭ്യതയുടേയും വാദക്കാരായ ജനതകളിൽപ്പോലും എവിടേയും കാണാൻ കഴിയുന്നില്ല.**

സയ്യിദുനാ മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്رضي الله عنهതന്റെ തഫ്സീർ കബീറിൽ സൂറത്ത് അൽമുഅ്മിനൂനിലെ 9-ാമത്തെ വചനമായ വല്ലദീനഹും ലി അമാനാത്തിഹിം വ അഹ്ദിഹിം റാഊൻ എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു: "ആത്മീയാഭിവൃദ്ധിയുടെ അഞ്ചാമത്തെ പദവി പറഞ്ഞിട്ടുള്ളത് സത്യവിശ്വാസി തന്റെ അമാനത്തുകളും തന്റെ ഉടമ്പടികളും ശ്രദ്ധിക്കുന്നു എന്നതാണ്. അതായത് ഏതൊന്നാണോ അയാളുടെ അടുത്ത് അമാനത്ത് അഥവാ സൂക്ഷിപ്പുമുതൽ എന്ന നിലയിൽ വെക്കുന്നത് അതിനെ കാത്തുസൂക്ഷിക്കുന്നു. കരാർ ചെയ്യുന്നത് അവിശ്വാസികളോടും ശത്രുക്കളോടുമാണെങ്കിലും വേണ്ടില്ല അത് നിറവേറ്റുന്നതാണ്. നബിﷺതിരുമേനി അമാനത്തുകളുടേയും സത്യസന്ധതയുടേയും നിയമങ്ങളനുസരിച്ച് എത്രമാത്രം ശക്തമായി പ്രവർത്തിച്ചിരുന്നുവെന്നാൽ ചരിത്രങ്ങളിൽ എഴുതിയിരിക്കുന്നു, ഇസ്ലാമിക സൈന്യങ്ങൾ ഖയ്ബർക്കോട്ട വളഞ്ഞപ്പോൾ ഒരു യഹൂദിനേതാവിന്റെ ആടുകളെ മേയ്ച്ചിരുന്ന ആട്ടിടയൻ മുസ്‌ലിമായി. അയാൾ പറഞ്ഞു: "യാ! റസൂലല്ലാഹ് എനിക്ക് ഇനി അവരുടെ

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഈ എല്ലാപ്രയത്നങ്ങളും ചെയ്തശേഷം, നബിﷺതിരുമേനി തന്റെ അല്ലാഹുവിന്റെ മുമ്പിൽ പ്രാർഥനയ്ക്കായി കൈകളുയർത്തി ഇങ്ങനെ അപേക്ഷിച്ചു:**
**അല്ലാഹുമ്മ ഖുദ് അലാ അസ്മായിഹിം വ അബ്സ്വാരിഹിം ഫലാ യറൗനാ ഇല്ലാ ബഗ്ത്തത്തൻ വലാ യസ്മഊനബിനാ ഇല്ലാ ഫജ്അത്തൻ**

**അല്ലാഹുവേ, ഖുറയ്ശികളുടെ ചെവികളെയും കണ്ണുകളെയും തടയേണമേ. അതായത്, അവരുടെ ചാരന്മാരെയും വിവരങ്ങൾചോർത്തിക്കൊടുക്കുന്നവരേയും തടയേണമേ; ഞങ്ങൾ അവരിൽ പെട്ടെന്ന് ചെന്നെത്തുന്നതുവരെ അവർ ഞങ്ങളെ കാണാതിരിക്കാനും ഞങ്ങളെക്കുറിച്ചുള്ള ഒരു വിവരവും അവർക്ക് പെട്ടെന്ന് ലഭിക്കുന്നതുവരെ അവർ അറിയാതിരിക്കാനും.**

**നബിﷺതിരുമേനി പറഞ്ഞു: 'അവർ ആ കരാർ ലംഘിച്ചത് അല്ലാഹു ഉദ്ദേശിച്ച ഒരു കാര്യത്തിനാണ്.' ആഇശാرضي الله عنهاചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഇതിൽ നന്മയുണ്ടോ?' അവിടന്ന് പറഞ്ഞു: 'ഉണ്ട്, ഇതിൽ നന്മയുണ്ട്.'**

**ഖുസാഅഗോത്രത്തിന്റെ സംഭവത്തെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കൈയിലാണോ, അവനാണെ സത്യം! എന്റെ കുടുംബത്തെയും വീട്ടുകാരെയും ഞാൻ സംരക്ഷിക്കുന്നതെല്ലാം കൊണ്ടും ഞാൻ അവരേയും സംരക്ഷിക്കുന്നതായിരിക്കും.'**

**നബിﷺതിരുമേനി ഹദ്റത്ത് ഉംറയെ ഖുറയ്ശികളുടെ അടുത്തയക്കുകയും മൂന്ന് കാര്യങ്ങളിലൊന്ന് തിരഞ്ഞെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു: ഒന്നുകിൽ അവർ ബനൂ ഖുസാഅയിലെ കൊല്ലപ്പെട്ടവരുടെ ദിയത്ത് അഥവാ ദിയാധനം നൽകുക, അല്ലെങ്കിൽ ബനൂനുഫാഥുമായി തങ്ങൾക്ക് ബന്ധമില്ലെന്ന് പ്രഖ്യാപിക്കുക, അല്ലെങ്കിൽ ഹുദയ്ബിയ സന്ധി അവസാനിപ്പിക്കുക.**

**അബൂ സുഫിയാൻ മദീനയിൽ വരുന്നതിനുമുമ്പേ നബിﷺതിരുമേനി സ്വഹാബത്തിനോടു പറഞ്ഞു: 'അബൂ സുഫിയാൻ നിങ്ങളുടെ അടുത്ത് വരികയാണ്. സന്ധി പുതുക്കണമെന്നും സമാധാനം വർധിപ്പിക്കണമെന്നും അയാൾ പറയും. എന്നാൽ, അയാൾ നിരാശയോടെ മടങ്ങും. അവന്റെ ഒരു കാര്യവും അംഗീകരിക്കപ്പെടുയില്ല.'**

**മക്ക വിജയത്തിന്റെ പശ്ചാത്തലത്തിൽ ജ്ഞാനനിർഭരമായ നബിചരിത്ര വിവരണം.**

**അൽകുഫ്റു മില്ലത്തുൻ വ്വാഹിദ ആയിക്കഴിഞ്ഞിരിക്കുന്നു. കാഫിറുകളെല്ലാം ഒരൊറ്റ സമൂഹമായി കഴിഞ്ഞിരിക്കുന്നു. മുസ്‌ലിമീങ്ങളും ഒരു ഉമ്മത്തുൻ വാഹിദ (ഒരൊറ്റ സമുദായം) ആകേണ്ടതുണ്ട്. അപ്പോൾ മാത്രമേ അവർക്ക് രക്ഷയുള്ളൂ. ഇതല്ലാതെ വേറെ വഴിയൊന്നുമില്ല.**

**ഖുത്ബ ജുമുഅ 2025 ജൂൺ 13, 1404 ഇഹ്സാൻ 13, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കുറച്ച് ജുമുകൾക്കുമുമ്പേ മക്ക വിജയത്തെക്കുറിച്ച് തുടക്കത്തിലുണ്ടായ ചില കാര്യങ്ങൾ പറഞ്ഞിരുന്നു. ഇന്ന് ആ വിഷയത്തെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ വിശദീകരിക്കുന്നതാണ്.

ഈ യുദ്ധത്തിന്റെ കാരണത്തെ സംബന്ധിച്ച് വിവരിക്കപ്പെട്ടിട്ടുണ്ട്. ഈ യുദ്ധത്തിന് പെട്ടന്നുണ്ടായ കാരണം ഖുറയ്ശികൾ ഹുദയ്ബിയ സന്ധി ലംഘിച്ചുവെന്നതാണ്. നബിﷺതിരുമേനി അയച്ച ദൂതനോടു അഹങ്കാരപരമായ രീതിയിൽ അവർ പറഞ്ഞു: 'ഞങ്ങൾ കരാർ അവസാനിപ്പിക്കുന്നു. ഞങ്ങൾ മുഹമ്മദുമായിﷺ യുദ്ധം ചെയ്യുന്നതായിരിക്കും.' ഈ വിവരം നബിﷺതിരുമേനിക്ക് ലഭിച്ചപ്പോൾ അവിടന്ന് മക്കയിലേക്ക് തിരിച്ചു. അവരുടെ ഉടമ്പടി ലംഘനത്തിന്റെ വിശദീകരണം ഇങ്ങനെയാണ്: 'ഹുദയ്ബിയ സന്ധിയിലുണ്ടായ ഒരു വ്യവസ്ഥ ഇതായിരുന്നു. അറബ് ഗോത്രങ്ങളിലാർക്കുവേണമെങ്കിലും നബിﷺതിരുമേനിയുമായി ഉടമ്പടി ഉണ്ടാക്കാം. ആർക്കുവേണമെങ്കിലും ഖുറയ്ശികളുമായി ഉടമ്പടി ചെയ്യാം. അങ്ങനെ, ഹറമിന്റെ ചുറ്റുപാടുകളിൽ താമസിച്ചിരുന്ന ബനൂബക്ർ, ബനൂഖുസാഅ എന്നീ ഗോത്രങ്ങളിൽനിന്ന്, ബനൂ ഖുസാഅ നബിﷺതിരുമേനിയുമായി ഉടമ്പടി ചെയ്തു. അവരുടെ എതിരാളികളായ ബനൂബക്ർ ഖുറയ്ശികളുമായും ഉടമ്പടി ചെയ്തു. ഇതോടെ ഇരുഗോത്രങ്ങളും പരസ്പര യുദ്ധങ്ങളിൽനിന്ന് സുരക്ഷിതരായി. ജാഹിലിയ്യാ കാലഘട്ടത്തിൽ ബനൂഖുസാഅയും ബനൂബക്റും തമ്മിൽ യുദ്ധങ്ങളുണ്ടായിരുന്നു. അതിൽ ബനൂബക്ർ ഒരു ഖുസാഅ ഗോത്രക്കാരനെ കൊലപ്പെടുത്തുകയും, ബനൂഖുസാഅ ഹറമിന്റെ അതിർത്തിക്കുള്ളിൽവെച്ച് ബനൂബക്റിലെ മൂന്നുപേരെ കൊലപ്പെടുത്തുകയും ചെയ്തിരുന്നു. ബനൂബക്റും ബനൂഖുസാഅയും ഈ അവസ്ഥയിൽ, അതായത് അവരുടെ പരസ്പര യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കെയായിരുന്നു നബിﷺതിരുമേനിയുടെ നിയോഗം. അവിടന്ന് ഇസ്‌ലാമിന്റെ സന്ദേശം പ്രഖ്യാപിച്ചപ്പോൾ ആളുകൾ ഇസ്‌ലാമിനെക്കുറിച്ചുള്ള ചർച്ചകളിൽ മുഴുകി. ഒരു പുതിയ കാര്യം അവരുടെ മുന്നിൽ വന്നപ്പോൾ അതിനെക്കുറിച്ച് സംസാരമുണ്ടായി. അവർ പരസ്പരമുള്ള വൈരാഗ്യങ്ങൾ താൽക്കാലികമായി നിറുത്തിവെച്ചു. എന്നാൽ, അവരുടെ മനസ്സുകളിൽ വെറുപ്പും വിദ്വേഷവും ഒളിഞ്ഞിരിപ്പുണ്ടായിരുന്നു.

ഹിജ്റ എട്ടാംവർഷം ശഅ്ബാൻ മാസം വന്നപ്പോൾ, ഹുദയ്ബിയ സന്ധിക്ക് ഇരുപത്തിരണ്ടു മാസം പിന്നിട്ടിരുന്നു. ബനൂബക്റിലെ ഒരു വ്യക്തി നബിﷺതിരുമേനിയെ അധിക്ഷേപിച്ച് കവിതകൾ ചൊല്ലി. ഇതുകേട്ട ബനൂഖുസാഅയിലെ ഒരു യുവാവ് അയാളെ അടിച്ചു, തലയ്ക്ക് പരിക്കേൽപ്പിക്കുകയും ചെയ്തു. ഈ സംഭവത്തോടെ ഇരുഗോത്രങ്ങളും തമ്മിൽ വീണ്ടും തർക്കങ്ങളാരംഭിച്ചു. നേരത്തെതന്നെ നിലവിലുണ്ടായിരുന്ന ഗോത്രവൈരം താൽക്കാലികമായി

അടങ്ങിയിരിക്കുകയായിരുന്നു. നബിﷺതിരുമേനിയെ അധിക്ഷേപിച്ച കവിതകൾ എഴുതിയ ബനൂബക്റിലെ വ്യക്തി ബനൂബക്ർ ഗോത്രത്തിലെ ബനൂ നുഫാഥ കുടുംബാംഗമായിരുന്നു. ആ കവിയെ ബനൂ ഖുസാഅയിലെ യുവാവ് പരിക്കേൽപ്പിച്ചപ്പോൾ, ബനൂബക്റിലെ ബനൂനുഫാഥ ഖുറയ്ശികളോടു ബനൂഖുസാഅക്കെതിരെ ആളുകളും ആയുധങ്ങളും കൊണ്ട് തങ്ങളെ സഹായിക്കാൻ ആവശ്യപ്പെട്ടു. അബൂസുഫിയാനെ കൂടാതെ ഖുറയ്ശികൾ അവരെ സഹായിക്കാൻ സമ്മതിച്ചു. അബൂസുഫിയാനുമായി ഈ വിഷയത്തിൽ കൂടിയാലോചിക്കുകയോ അദ്ദേഹത്തിന് ഇതിനെക്കുറിച്ച് അറിയുകയോ ചെയ്തിരുന്നില്ല. ഒരു അഭിപ്രായമനുസരിച്ച്, അദ്ദേഹവുമായി കൂടിയാലോചിച്ചിരുന്നുവെങ്കിലും അദ്ദേഹം യുദ്ധത്തെ നിഷേധിച്ചു. എന്നിട്ടും, ഖുറയ്ശികൾ ആയുധങ്ങളും കുതിരകളും ആളുകളുമായി അവരെ സഹായിച്ചു. ബനൂഖുസാഅക്ക് പ്രതിരോധിക്കാൻ കഴിയാത്തവിധം രഹസ്യമായിട്ടായിരുന്നു ഇവർ എല്ലാവരുംചേർന്ന് ആക്രമണം നടത്തിയത്. കരാർ കാരണം ബനൂഖുസാഅ തങ്ങളെ സുരക്ഷിതരായി കണക്കാക്കുകയും അശ്രദ്ധയിലാകുകയുമായിരുന്നു. ഖുറയ്ശികളും ബനൂബക്റും ബനൂനുഫാഥയും വതീർ എന്ന സ്ഥലത്ത് കൂടിക്കാഴ്ച നടത്താമെന്ന് വാക്കു നൽകി. ഇത് മക്കയുടെ തെക്കുപടിഞ്ഞാറു ഭാഗത്ത്, ഹറമിന്റെ അതിർത്തിയിൽനിന്ന് ഏകദേശം 16 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഒരു താഴ്ന്ന പ്രദേശമായിരുന്നു. ബനൂ ഖുസാഅയുടെ വീടുകൾ ഈ സ്ഥലത്തായിരുന്നു. നിശ്ചിത സമയത്ത് ശത്രുക്കൾ അവിടെ ഒത്തുകൂടി. ഖുറയ്ശികളുടെ നേതാക്കൾ വേഷം മാറി, മുഖംമൂടികൾ ധരിച്ചിരുന്നു. അവരിൽ സ്വഫ്‌വാൻ ബിൻ ഉമയ്യ, ഇക്രിമ ബിൻ അബീജഹ്ൽ, ഹുവയ്ത്വബ് ബിൻ അബ്ദുൽഉസ്സാ, ശയ്ബ ബിൻ ഉഥ്മാൻ, മിക്റാർ ബിൻ ഹഫ്സ് എന്നിവരുണ്ടായിരുന്നു. ഇവരോടൊപ്പം അവരുടെ അടിമകളും, ബനൂ ബക്റിന്റെ നേതാവ് നൗഫൽ ബിൻ മുആവിയയും ഒപ്പമുണ്ടായിരുന്നു. ബനൂ ഖുസാഅ സന്ധി കാരണം സുരക്ഷിതരാണെന്ന് വിശ്വസിച്ച് രാത്രി ഉറങ്ങുകയായിരുന്നു. അവരിലധികവും കുട്ടികളും സ്ത്രീകളും ദുർബലരുമായിരുന്നു. ഖുറയ്ശികളും ബനൂ നുഫാഥയും അവരെ ആക്രമിക്കുകയും ആളുകളെ കൊല്ലാൻ തുടങ്ങുകയും ചെയ്തു. അവരിൽ ചിലർ ഓടി ഹറമിന്റെ അതിർത്തിക്കുള്ളിൽ പ്രവേശിച്ചു. ബനൂ ഖുസാഅ ബനൂ ബക്റിന്റെ നേതാവായ നൗഫൽ ബിൻ മുആവിയയോടു പറഞ്ഞു: 'നൗഫലേ! ഇപ്പോൾ ഞങ്ങൾ ഹറമിൽ പ്രവേശിച്ചിരിക്കുന്നു. നിങ്ങൾക്ക് നിങ്ങളുടെ ആരാധ്യന്റെ മധ്യസ്ഥതയുണ്ട്!' അപ്പോൾ നൗഫൽ വലിയ അഹങ്കാരത്തോടെ പറഞ്ഞു: 'ഇന്ന് ഒരു ആരാധ്യനുമില്ല!' അങ്ങനെ അവർ ഹറമിനുള്ളിലും കൊല്ലും കൊള്ളയും തുടർന്നു. അന്ന് ബനൂബക്ർ, ബനൂഖുസാഅയിലെ ഇരുപതുപേരെ കൊലപ്പെടുത്തി. പിന്നീട് ഖുറയ്ശികൾ തങ്ങളുടെ ഈ പ്രവൃത്തിയിൽ ലജ്ജിക്കുകയും പരിഭ്രമിക്കുകയും ചെയ്തു. നബിﷺതിരുമേനിയും തങ്ങളും തമ്മിലുള്ള കരാർ തങ്ങളുടെ ഈ പ്രവൃത്തിയിലൂടെ ലംഘിക്കപ്പെട്ടുവെന്ന് അവർക്കറിയാമായിരുന്നു. നൗഫലിനോടു സുഹയ്ൽ ബിൻ അംറ് പറഞ്ഞു: 'നിങ്ങളും നിങ്ങളുടെ കൂട്ടുകാരുംചേർന്ന് ആളുകളെ കൊന്നുവെന്ന് നിങ്ങൾക്ക് നന്നായിട്ടറിയാം. നിങ്ങൾ അവരെ കൂട്ടക്കൊല ചെയ്യുകയും ബാക്കിയുള്ളവരെയും കൊല്ലാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. പക്ഷേ, ഞങ്ങൾ ഇക്കാര്യത്തിൽ നിങ്ങളെ പിന്തുടരില്ല. അവരെ വിട്ടേക്കുക.' അങ്ങനെ നൗഫൽ അവരെ വിട്ടയച്ചു, അവർ പോകുകയും ചെയ്തു.

ഹാരിഥ് ബിൻ ഹിശാമും അബ്ദുല്ലാഹ് ബിൻ അബീറബീഅയും ഒരുമിച്ച് സ്വഫ്‌വാൻ ബിൻ ഉമയ്യ, സുഹയ്ൽ ബിൻ അംറ്, ഇക്രിമ ബിൻ അബീജഹ്ൽ എന്നിവരുടെ അടുത്തുചെന്ന് ബനൂ ഖുസാഅക്കെതിരെ ബനൂബക്റിനെ സഹായിച്ചതിൽ അവരെ കഠിനമായി ശാസിച്ചു. 'നിങ്ങളെന്താണ് ഈ ചെയ്തത്? നിങ്ങൾക്ക് ഒരു കരാറുണ്ടായിരുന്നല്ലോ! നിങ്ങൾ ചെയ്ത ഇക്കാര്യം ഞങ്ങളും മുഹമ്മദും തമ്മിലുള്ള കരാറിന്റെ ലംഘനമാണെന്ന് അവർ പറഞ്ഞു.'*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 200 -201 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(മുഅ്ജിമുൽ മആലിമിൽജിഗ്രാഫിയ്യ ഫിസ്സീറത്തിന്നബ്‌വിയ്യ പേജ് 331, ദാറുമക്കത്തി ലിന്നശ്രി വത്തൗസീയി 1982) (അത്ത്വബഖാത്തുൽകുബ്റാ വാല്യം 2, പേജ് 102, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 103, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫത്ഹെമക്ക ബാശമീൽ, പേജ് 98, നഫീസ് അക്കാഡമി കറാച്ചി) (ഗസ് വാത്തുന്നബിﷺ, മുഹമ്മദ് അബ്ദുൽഅഹ്ദ്, പേജ് 430, പ്രസാധനം സാവിയ്യ പബ്ലിഷേർസ്, ലാഹോർ)(ഗസ്‌വാത്ത് വ സറായ മുഹമ്മദ് അള്ഹർ ഫരീദ് പേജ് 446, ഫരീദിയ പബ്ലിഷേർസ് സാഹീവാൽ)*

ഹാരിഥ് ബിൻ ഹിശാം അബൂസുഫിയാന്റെ അടുത്തുചെന്ന് തങ്ങളുടെ ഗോത്രം ചെയ്ത കാര്യങ്ങൾ അദ്ദേഹത്തെ അറിയിച്ചു. ഇതു കേട്ടപ്പോൾ അബൂസുഫിയാൻ പറഞ്ഞു: 'ഞാൻ ഈ സംഭവത്തിൽ പങ്കാളിയായിരുന്നില്ലെങ്കിലും ഇതിൽനിന്ന് വിട്ടുനിൽക്കുന്നുമില്ല. ഇതു വളരെ മോശമായിപ്പോയി. അല്ലാഹുവാണെ സത്യം! മുഹമ്മദ്ﷺതീർച്ചയായും ഇനി നമ്മളുമായി യുദ്ധം ചെയ്യും.' അബൂ സുഫിയാൻ ഒരു കാര്യവും കൂടി പറഞ്ഞു: 'എന്റെ ഭാര്യ ഹിന്ദ് എന്നോടു പറഞ്ഞു, അവൾ ഒരു ഭയാനകമായ സ്വപ്നം കണ്ടിരിക്കുന്നു.' അവൾ കണ്ട സ്വപ്നം ഇങ്ങനെയായിരുന്നു: 'മുഹസ്സബ് താഴ്‌വരയുടെ ഭാഗത്ത് ബയ്ത്തുല്ലായിൽനിന്ന് ഒന്നര മൈൽ അകലെയുള്ള ഒരു പർവ്വതമാണ് ഹജൂൻ. അവിടെനിന്ന് രക്തത്തിന്റെ ഒരു നദി ഒഴുകി ഖൻദമവരെ എത്തിയിരിക്കുന്നു.' ഖൻദമ മിനായുടെ വഴിയിലുള്ള മക്കയിലെ ഒരു പ്രശസ്തമായ പർവതമാണ്. 'ആളുകൾ അത് ഇഷ്ടപ്പെട്ടില്ല.'*(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 103, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 100,116 പ്രസാധനം സവാർ അക്കാഡമി കറാച്ചി)* അതായത് രക്തം ഒഴുകിവന്നുകൊണ്ടിരിക്കുന്നു. അതുകണ്ട് അവർ വളരെയധികം ഭയന്നുപോയിരുന്നു. എന്തായാലും ബനൂ ഖുസാഅയുടെ മേലുള്ള ഈ ആക്രമണത്തെക്കുറിച്ച് നബിﷺതിരുമേനിക്ക് അല്ലാഹു വഹ്‌യ് മുഖേന വിവരം അറിയിച്ചുകൊടുത്തു.

ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് മയ്മൂന ബിൻത് ഹാരിഥ് പറയുന്നു: 'നബിﷺതിരുമേനി രാത്രി അവരുടെ അടുത്ത് താമസിച്ചു. അവിടന്ന് നമസ്കരിക്കാൻ വുളു എടുക്കാൻ എഴുന്നേറ്റു. വുളു എടുക്കുന്ന സ്ഥലത്തായിരിക്കുമ്പോൾ, 'ലബ്ബൈക്, ലബ്ബൈക്, ലബ്ബൈക്' (ഞാനിതാ ഹാജറായിരിക്കുന്നു, ഞാനിതാ ഹാജറായിരിക്കുന്നു, ഞാനിതാ ഹാജറായിരിക്കുന്നു) എന്ന് മൂന്നുതവണ പറയുന്നത് താൻ കേട്ടുവെന്ന് അവർ പറഞ്ഞു. പിന്നീട് നബിﷺതിരുമേനി മൂന്നുതവണ 'നുസ്വിർത്ത, നുസ്വിർത്ത, നുസ്വിർത്ത' എന്നും പറഞ്ഞു. അതായത്, 'നിനക്ക് സഹായം ലഭിച്ചിരിക്കുന്നു, നിനക്ക് സഹായം ലഭിച്ചിരിക്കുന്നു, നിനക്ക് സഹായം ലഭിച്ചിരിക്കുന്നു.' അവിടന്ന് വുളു കഴിഞ്ഞ് തിരികെ വന്നപ്പോൾ ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! ഞാൻ താങ്കൾ മൂന്ന് തവണ 'ലബ്ബൈക്' എന്നും മൂന്ന് തവണ 'നുസ്വിർത്ത' എന്നും പറയുന്നത് കേട്ടുവല്ലോ. അങ്ങ് ആരോടെങ്കിലും സംസാരിക്കുകയായിരുന്നോ? നബിﷺതിരുമേനിപറഞ്ഞു: 'ബനൂ ഖുസാഅയുടെ ഒരു ശാഖയായ ബനൂ കഅബിലെ ഒരാൾ ബനൂ ബക്റിനെതിരെ യുദ്ധകവിതകൾ ചൊല്ലിക്കൊണ്ട് എന്നോടു സഹായം അഭ്യർഥിക്കുകയായിരുന്നു.' ഇത് കശ്ഫിയായ അവസ്ഥയായിരുന്നു. 'ഖുറയ്ശികൾ ബനൂ ബക്ർ ബിൻ വാഇലിനെ അവർക്കെതിരെ സഹായിച്ചുവെന്നും അയാൾ പറയുകയായിരുന്നു.' ഹദ്റത്ത് മയ്മൂനؓപറയുന്നു: മൂന്നു ദിവസത്തിനുശേഷം നബിﷺതിരുമേനി ജനങ്ങൾക്ക് സ്വുബ്ഹി നമസ്കരിപ്പിച്ചു. അപ്പോൾ ഒരാൾ ഈ കവിത ചൊല്ലുന്നത് ഞാൻ കേട്ടു:

**യാ റബ്ബി ഇന്നീ നാശിദുൻ മുഹമ്മദാ**

**ഹിൽഫ അബീനാ വ അബീഹിൽ അത്‌ലദാ**

'എന്റെ റബ്ബേ, മുഹമ്മദിനെﷺ ഞങ്ങളുടെ പൂർവ്വികരും അവരുടെ പൂർവ്വികരും തമ്മിലുണ്ടായിരുന്ന ഉടമ്പടിയെക്കുറിച്ച് ഞാൻ ഓർമ്മിപ്പിക്കുന്നു.'

മറ്റൊരു വിവരണത്തിൽ, ബനൂ നുഫാഥയും ബനൂ ഖുസാഅയും തമ്മിലുള്ള സംഭവം വതീറിൽ നടന്ന ആ രാത്രിയുടെ പിറ്റേന്ന് രാവിലെ, നബിﷺതിരുമേനി ആഇശാؓയോട് പറഞ്ഞു: 'ആഇശാ, ഖുസാഅയിൽ ഒരു സംഭവം ഉണ്ടായിരിക്കുന്നു.' ആഇശാؓ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, താങ്കളും അവർക്കുമിടയിലുള്ള കരാർ ലംഘിക്കാൻ ഖുറയ്ശികൾ ധൈര്യം കാണിക്കുമോ? യുദ്ധങ്ങൾ അവരെ ഇതിനകം

തകർത്തിരിക്കുകയാണല്ലോ.'

നബിﷺതിരുമേനി പറഞ്ഞു: 'അവർ ആ കരാർ ലംഘിച്ചത് അല്ലാഹു ഉദ്ദേശിച്ച ഒരു കാര്യത്തിനാണ്.' ആഇശാؓചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഇതിൽ നന്മയുണ്ടോ?' അവിടന്ന് പറഞ്ഞു: 'ഉണ്ട്, ഇതിൽ നന്മയുണ്ട്.' അതായത്, കരാർ ലംഘിക്കുക എന്നത് അല്ലാഹുവിന്റെ ഉദ്ദേശ്യമായിരുന്നു. അതിന് പിന്നീട് അവർക്ക് ശിക്ഷ ലഭിക്കേണ്ടതുണ്ട്. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 201-202 ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ശറഹ് അല്ലാമ സർഖാനീ വാല്യം 3 പേജ് 380-381, ദാറുൽ കുതുബുൽഇൽമിയ്യ 1996)*

എന്തായാലും ഈ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഅദ്ദേഹത്തിന്റേതായ ശൈലിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:

ഹദ്റത്ത് മയ്മൂനؓപറയുന്നു: 'ഒരു രാത്രി എന്റെ ഊഴത്തിൽ നബിﷺതിരുമേനി എന്റെ അടുത്ത് ഉറങ്ങുകയായിരുന്നു. തഹജ്ജുദിന് അവിടന്ന് ഉണർന്നപ്പോൾ വുളു എടുക്കുന്നതിനിടയിൽ പറഞ്ഞു: ഞാനൊരു ശബ്ദം കേട്ടു, അവിടന്ന് പറയുകയായിരുന്നു:'ലബ്ബയ്ക്, ലബ്ബയ്ക്, ലബ്ബയ്ക്.' അതിനുശേഷം അവിടന്ന് പറഞ്ഞു: 'നുസിർത്ത, നുസിർത്ത, നുസിർത്ത.' അവർ പറയുന്നു: 'അവിടന്ന് പുറത്തു വന്നപ്പോൾ ഞാൻ ചോദിച്ചു:'അല്ലാഹുവിന്റെ റസൂലേ, അങ്ങ് ആരോടെങ്കിലും സംസാരിക്കുകയായിരുന്നുവോ?' അവിടന്ന് പറഞ്ഞു: 'അതെ, എന്റെ മുന്നിൽ കശ്ഫിയായ രൂപത്തിൽ ഖുസാഅയുടെ ഒരു സംഘം പ്രത്യക്ഷപ്പെട്ടു. അവർ ഒച്ചവെച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു: 'ഞങ്ങൾ മുഹമ്മദ് നബിയോട്ﷺ അവിടത്തെ ദൈവത്തെ സത്യം ചെയ്ത് പറയുന്നു, 'അങ്ങയോടും അങ്ങയുടെ പിതാമഹന്മാരോടും ഞങ്ങൾ കരാറുകൾ ഉണ്ടാക്കിയിരുന്നു. ഞങ്ങൾ അങ്ങയെ സഹായിച്ചുകൊണ്ടിരുന്നു. എന്നാൽ. ഖുറയ്ശികൾ ഞങ്ങളോടു വഞ്ചന കാണിച്ചു. ഞങ്ങൾ രാത്രി ഉറങ്ങുമ്പോൾ, ഞങ്ങളിൽ ചിലർ സുജൂദിലും ചിലർ റുകൂഇലുമായിരിക്കുമ്പോൾ, ഞങ്ങളെ ആക്രമിച്ചു കൊലപ്പെടുത്തി. ഇപ്പോൾ ഞങ്ങൾ അങ്ങയുടെ സഹായം തേടി വന്നിരിക്കുകയാണ്.' ചുരുക്കത്തിൽ, ഞാൻ കണ്ടു, നബിﷺതിരുമേനി പറഞ്ഞു: 'ഖുസാഅയിലെ ആ മനുഷ്യൻ നിൽക്കുന്നതായി ഞാൻ കണ്ടു. കശ്ഫു രൂപത്തിൽ ആ മനുഷ്യനെ കണ്ടപ്പോൾ ഞാൻ പറഞ്ഞു: **'ലബ്ബയ്ക്, ലബ്ബയ്ക്, ലബ്ബയ്ക്.'** (അതായത്, ഞാൻ നിങ്ങളുടെ സഹായത്തിന് ഹാജരായിരിക്കുന്നു). ഇത് മൂന്നു തവണ പറഞ്ഞു. പിന്നീട് ഞാൻ പറഞ്ഞു:'നുസിർത്ത, നുസിർത്ത, നുസിർത്ത.'(അതായത്, നിങ്ങൾക്ക് സഹായം ലഭിച്ചിരിക്കുന്നു). ഇതും മൂന്നുതവണ പറഞ്ഞു.' പിന്നെ ഹദ്റത്ത് ആഇശാؓപറയുന്നു: 'അതേ ദിവസം രാവിലെ നബിﷺതിരുമേനി എന്റെ വീട്ടിൽ വന്നു. അവിടന്ന് പറഞ്ഞു: 'ഖുസാഅയുമായി ബന്ധപ്പെട്ട് ഒരു അപകടകരമായ സംഭവം ഉണ്ടായിരിക്കുന്നു.' ഹദ്റത്ത് ആഇശാؓപറയുന്നു: 'ഖുസാഅയുമായി ബന്ധപ്പെട്ട് അപകടകരമായൊരു സംഭവം എന്നുവെച്ചാൽ, അവർ മക്കയുടെ അതിർത്തിയിലാണ്, ബനൂ ബക്റുമായി കരാറിലുള്ള മക്കക്കാർ ഖുസാഅയെ ആക്രമിച്ചുട്ടുണ്ടാകുമെന്ന് എനിക്ക് മനസ്സിലായി. ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഇത്രയധികം സത്യങ്ങൾക്കുശേഷവും ഖുറൈശികൾ കരാർ ലംഘിച്ച് ഖുസാഅയെ ആക്രമിക്കുമോ? ഇത് സാധ്യമാണോ?' അവിടന്ന് പറഞ്ഞു: 'അതെ, അല്ലാഹു വിന്റെ ഹിക്മത്തനുസരിച്ച് അവർ ഈ കരാർ ലംഘിക്കുകയാണ്. ആ ഹിക്മത്ത് ഇതായിരുന്നു: നബിﷺതിരുമേനിക്ക് ആക്രമിക്കാൻ അനുവാദമുണ്ടായിരുന്നില്ല. എന്നാൽ, കരാർ ലംഘിക്കപ്പെട്ടതോടെ അനുവാദം ലഭിച്ചു.'ഹദ്റത്ത് ആഇശാؓപറയുന്നു: 'ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഇതിന്റെ ഫലം നല്ലതായിരിക്കുമോ?' അവിടന്ന് പറഞ്ഞു: 'അതെ, ഫലം നല്ലതായിരിക്കും.'

ഇതിന്റെ വിശദീകരണത്തിൽ എഴുതിയിരിക്കുന്നു: ബനൂബക്റിന്റെയും ഖുറയ്ശികളുടെയും ഈ ക്രൂരമായ നടപടിക്കുശേഷം, ബനൂഖുസാഅയിലെ അംറ് ബിൻ സാലിം, നാൽപ്പതു കുതിരപ്പടയാളികളോടൊപ്പം നബിﷺതിരുമേനിയോട് സഹായം അഭ്യർഥിക്കാൻ പുറപ്പെട്ടു. ഖുസാഅ ഗോത്രത്തിന്റെ നേതാവായ ബുദയ്ൽ ബിൻ വർഖാ ഖുസായിയും ഈ സംഘത്തിലുണ്ടായിരുന്നു. തങ്ങൾക്ക് നേരിടേണ്ടിവന്ന ദുരിതങ്ങളെക്കുറിച്ചും, ഖുറയ്ശികൾ എങ്ങനെയാണ് ബനൂബക്റിന് ആയുധങ്ങളും ആളുകളും കുതിരകളും നൽകി സഹായിച്ചതെന്നതിനെ കുറിച്ചും, സ്വഫ്‌വാൻ, ഇക്‌രിമ, ഖുറയ്ശികളിലെ മറ്റു നേതാക്കൾ എങ്ങനെയാണ് ഈ കൂട്ടക്കൊലയിൽ പങ്കെടുത്തതെന്നതിനെ കുറിച്ചും അവർ നബിﷺതിരുമേനിയോട് വിശദീകരിച്ചു. അപ്പോൾ അവിടന്ന് മസ്ജിദിൽ സ്വഹാബികളോടൊപ്പം ഇരിക്കുകയായിരുന്നു. അവർ തങ്ങളുടെ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞപ്പോൾ, ബനൂ ഖുസാഅയുടെ നേതാവായ അംറ് ബിൻ സാലിം എഴുന്നേറ്റുനിന്ന് ഏതാനും കവിതകൾ ചൊല്ലി സഹായം അഭ്യർഥിച്ചു. അതിലൊരു വരി ഇപ്രകാരമായിരുന്നു:

**യാ റബ്ബി ഇന്നീ നാഷിദുൻ മുഹമ്മദാ**

**ഹിൽഫ അബീനാ വ അബീഹിൽ അത്‌ലദാ**

എന്റെ റബ്ബേ, ഞങ്ങളുടെ പൂർവ്വികരും അവരുടെ പൂർവ്വികരും തമ്മിലുണ്ടായിരുന്ന ഉടമ്പടിയെക്കുറിച്ച് ഞാൻ മുഹമ്മദ് നബിയെﷺഓർമിപ്പിക്കുന്നു. നബിﷺതിരുമേനി പറഞ്ഞു: 'അംറ് ബിൻ സാലിമേ! നിനക്ക് സഹായം ലഭിക്കും.'*(സുബുലുൽ ഹുദാ വാല്യം 5, പേജ് 202-203 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 103, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 56, പ്രസാധനം സവാർ അക്കാദമി കറാച്ചി)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർؓനിവേദനം: ബനൂഖുസാഅയുടെ സംഘം അദ്ദേഹത്തിന്റെ അടുത്തെത്തിയപ്പോൾ, അദ്ദേഹം അവരോടു ചോദിച്ചു: 'നിങ്ങളുടെ അഭിപ്രായത്തിൽ ഈ അതിക്രമം ആരാണ് ചെയ്തത്?' അവർ പറഞ്ഞു: 'ബനൂ ബക്ർ.' അദ്ദേഹം ചോദിച്ചു: 'ബനൂ ബക്ർ എല്ലാവരുമുണ്ടോ?' അവർ പറഞ്ഞു: 'അല്ല, ബനൂ നുഫാഥ, അവരുടെ നേതാവ് നൗഫൽ ബിൻ മുആവിയയാണ്.' അദ്ദേഹം പറഞ്ഞു: 'ഇത് ബനൂബക്ർ ഗോത്രത്തിൽപ്പെട്ട ഒരു വിഭാഗമാണല്ലോ.' അങ്ങനെ, ബനൂ ഖുസാഅ നബിﷺതിരുമേനിയോട് എല്ലാ കാര്യങ്ങളും വിശദീകരിച്ചപ്പോൾ, അവിടന്ന് പറഞ്ഞു: 'ഒറ്റക്കൊറ്റയ്ക്ക് തിരിച്ചുപോവുക. ഇപ്പോൾ നിങ്ങൾ മടങ്ങുകയാണ്, അതിനാൽ ഒരുമിച്ച് ഒരു സംഘമായി പോകാതെ, ഒറ്റക്കൊറ്റയ്ക്ക് പോകുക.' അവർ നബിﷺതിരുമേനിയെ കണ്ടിട്ട് വരുന്നതാണെന്ന് ആരും അറിയാതിരിക്കാനാണ് അവിടന്ന് ഇങ്ങനെ നിർദ്ദേശിച്ചത്. ഇക്കാര്യം രഹസ്യമാക്കി വെക്കുക. അങ്ങനെ ബനൂഖുസാഅ ഒറ്റക്കൊറ്റയ്ക്ക് തിരിച്ചുപോയി. അവരിൽ ചിലർ കടൽത്തീരത്തേക്കുള്ള വഴിയിലൂടെ പോയി, ബുദയ്ൽ ബിൻ വർഖയെപ്പോലുള്ള ചിലർ സാധാരണ വഴിയിലൂടെയും പോയി. ഹദ്റത്ത് ആഇശാؓപറയുന്നു: 'കഅ്ബ് ഗോത്രത്തിന്റെ, അതായത് ഖുസാഅയുടെ കാര്യത്തിൽ അവിടന്ന് വളരെ കോപിതനായിരുന്നു. നബിﷺതിരുമേനിയെ അത്രയും കടുത്ത കോപത്തിൽ ഞാൻ മുമ്പേ ഒരിക്കലും കണ്ടിട്ടില്ല.'

ഹദ്റത്ത് ഇബ്നു അബ്ബാസ്ؓനിവേദനം: ഖുസാഅയുടെ സംഭവത്തെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കൈയിലാണോ, അവനാണെ സത്യം! എന്റെ കുടുംബത്തെയും വീട്ടുകാരെയും ഞാൻ സംരക്ഷിക്കുന്നതെല്ലാം കൊണ്ടും ഞാൻ അവരേയും സംരക്ഷിക്കുന്നതായിരിക്കും.'*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 203-204 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്തുൽഹൽബിയ്യ വാല്യം 3, പേജ്104, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഈ യുദ്ധത്തിന്റെ വിശദമായ വിവരങ്ങൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ എഴുതുന്നു: ഹിജ്റ എട്ടാം വർഷം റമളാൻ മാസത്തിൽ ഇസ്‌ലാമിനെ അറബ് ലോകത്ത് സ്ഥാപിച്ച ആ അവസാന യുദ്ധത്തിന് നബിﷺതിരുമേനി പുറപ്പെട്ടു. ഈ സംഭവം ഇങ്ങനെയായിരുന്നു: ഹുദയ്ബിയ സന്ധിയിൽ, അറബ് ഗോത്രങ്ങളിലാർക്കുവേണമെങ്കിലും മക്കക്കാരുമായി ചേരാമെന്നും ആർക്കുവേണമെങ്കിലും മുഹമ്മദ് റസൂലുല്ലാഹിﷺയോടൊപ്പം ചേരാമെന്നും തീരുമാനിച്ചിരുന്നു. ഒരുകൂട്ടർ മറ്റേകൂട്ടരെ ആക്രമിച്ച് സന്ധി ലംഘിക്കപ്പെടുകയാണെങ്കിലല്ലാതെ പത്തുവർഷംവരെ ഇരുവിഭാഗത്തിനും പരസ്പരം യുദ്ധം ചെയ്യാൻ അനുവാദമുണ്ടാകുകയില്ലെന്നും തീരുമാനിച്ചിരുന്നു. ഈ ഉടമ്പടി പ്രകാരം, അറബ് ഗോത്രമായ ബനൂബക്ർ മക്കക്കാരുമായും ഖുസാഅ ഗോത്രം മുഹമ്മദ് റസൂലുല്ലാഹിﷺയോടൊപ്പവും ചേർന്നു. അറബികളിലെ അവിശ്വാസികൾ

കരാറുകൾ പാലിക്കുന്നതിൽ വലിയ ശ്രദ്ധ കാണിച്ചിരുന്നില്ല; പ്രത്യേകിച്ചും മുസ്‌ലിങ്ങളുമായിട്ടുള്ള കാര്യത്തിൽ. ഖുസാഅ ഗോത്രവുമായി ബനൂബക്റിന് മുൻകാല വൈരാഗ്യമുണ്ടായിരുന്നതുകൊണ്ട് ഹുദയ്ബിയ സന്ധി കഴിഞ്ഞ് കുറച്ചുകാലം കഴിഞ്ഞപ്പോൾ അവർ മക്കക്കാരുമായി കൂടിയാലോചിച്ചു. ഖുസാഅക്കാർ സന്ധി കാരണം തികച്ചും സുരക്ഷിതരാണെന്നും, ഇപ്പോൾ അവരോടു പകരം വീട്ടാൻ നല്ല അവസരമാണെന്നും അവർ പറഞ്ഞു. അങ്ങനെ മക്കയിലെ ഖുറയ്ശികളും ബനൂബക്റും ചേർന്ന് രാത്രിയിൽ ബനൂ ഖുസാഅയെ ആക്രമിക്കുകയും അവരിൽ ധാരാളം പേരെ കൊല്ലുകയും ചെയ്തു. ഖുറയ്ശികൾ ബനൂബക്റുമായി ചേർന്ന് ഈ ആക്രമണം നടത്തിയെന്ന് ഖുസാഅക്ക് മനസ്സിലായപ്പോൾ, ഈ ഉടമ്പടിലംഘനം അറിയിക്കാൻ അവർ നാൽപ്പതുപേരെ കുതിച്ചുപായുന്ന ഒട്ടകങ്ങളുമായി പെട്ടെന്ന് മദീനയിൽ അയച്ചു. അവർ നബിﷺതിരുമേനിയോടു ആവശ്യപ്പെട്ടു: 'പരസ്പര ഉടമ്പടി പ്രകാരം ഇപ്പോൾ ഞങ്ങൾക്കുവേണ്ടി പകരം വീട്ടേണ്ടതും മക്കയിലേക്ക് സൈന്യത്തെ അയക്കേണ്ടതും അങ്ങയുടെ കടമയാണ്.' ഈ സംഘം നബിﷺതിരുമേനിയുടെ അടുത്തെത്തിയപ്പോൾ ആ മഹാത്മാവ് പറഞ്ഞു: 'നിങ്ങളുടെ ദുഃഖം എന്റെ ദുഃഖമാണ്. ഞാൻ എന്റെ കരാറിൽ ഉറച്ചുനിൽക്കുന്നു.' ആ സമയത്ത് മഴ പെയ്യുന്നുണ്ടായിരുന്നു. ആ മേഘത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: 'ഈ മേഘക്കൂട്ടത്തിൽനിന്ന് മഴ പെയ്യുന്നതുപോലെ, പെട്ടെന്ന് തന്നെ നിങ്ങളുടെ സഹായത്തിന് ഇസ്‌ലാമിക സൈന്യങ്ങൾ എത്തിച്ചേരുന്നതായിരിക്കും.'*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20, പേജ് 336-337)*

ഒരു നിവേദനമനുസരിച്ച്, നബിﷺതിരുമേനി ഹദ്റത്ത് ഉംറയെ ഖുറയ്ശികളുടെ അടുത്ത് അയക്കുകയും മൂന്ന് കാര്യങ്ങളിലൊന്ന് തിരഞ്ഞെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു: ഒന്നുകിൽ അവർ ബനൂ ഖുസാഅയിലെ കൊല്ലപ്പെട്ടവരുടെ ദിയത്ത് അഥവാ ദിയാധനം നൽകുക, അല്ലെങ്കിൽ ബനൂനുഫാഥുമായി തങ്ങൾക്ക് ബന്ധമില്ലെന്ന് പ്രഖ്യാപിക്കുക, അല്ലെങ്കിൽ ഹുദയ്ബിയ സന്ധി അവസാനിപ്പിക്കുക.

ഈ മൂന്നു കാര്യങ്ങളാണ്. ഹദ്റത്ത് ഉംറ നബിﷺതിരുമേനിയുടെ ദൂതനായി അവരുടെ അടുത്തുപോയി. മസ്ജിദുൽ ഹറാമിന്റെ കവാടത്തിന്നരികിൽ തന്റെ ഒട്ടകത്തെ ഇരുത്തി അകത്ത് പ്രവേശിച്ചു. ഖുറയ്ശികൾ അവരുടെ സ്ഥലങ്ങളിൽ ഇരിക്കുകയായിരുന്നു. ഹദ്റത്ത് ഉംറ താൻ നബിﷺതിരുമേനിയുടെ ദൂതനാണെന്ന് പറഞ്ഞു. അവിടത്തെ സന്ദേശം അവർക്ക് കൈമാറുകയും ചെയ്തു.

ഖർളഹ് ബിൻ അബ്ദി അംറ് പറഞ്ഞു: 'ഞങ്ങൾ ബനൂ ഖുസാഅയിലെ കൊല്ലപ്പെട്ടവരുടെ ദിയത്ത് അഥവാ ദിയാധനം നൽകുകയാണെങ്കിൽ ഞങ്ങളുടെ പക്കൽ ധാന്യങ്ങളോ കന്നുകാലികളോ ഒന്നുമുണ്ടാകുകയില്ല. കാരണം അത്രയധികം ആളുകളുടെ ദിയത്ത് നൽകാൻ വലിയൊരു തുക ആവശ്യമാണ്. ബനൂ നുഫാഥുമായി ഒരു ബന്ധവും തങ്ങൾക്കില്ലെന്ന് പ്രഖ്യാപിക്കുന്നതിനെ സംബന്ധിച്ച്, അറബികളിൽ അവരുടെയത്രയും ബയ്ത്തുല്ലായെ ആദരിക്കുന്ന മറ്റൊരു ഗോത്രവുമില്ലെന്നായിരുന്നു മറുപടി. അവർ ഞങ്ങളുടെ സഖ്യകക്ഷിയാണ്. ഞങ്ങളുടെ കൈവശം എന്തെങ്കിലുമുള്ളിടത്തോളംകാലം അവരുടെ സൗഹൃദത്തിൽനിന്ന് ഞങ്ങൾ വേർപെടില്ല. എന്നാൽ, ഞങ്ങൾ മുഹമ്മദിനോടുﷺയുദ്ധം ചെയ്യാൻ തയ്യാറാണ്.' അവർ പറഞ്ഞു, 'ഞങ്ങൾ യുദ്ധം ചെയ്യും, അതുകൊണ്ട് ഞങ്ങൾ കരാർ അവസാനിപ്പിക്കുകയാണ്.' അതായത് ഹുദയ്ബിയ സന്ധി. ഹദ്റത്ത് ഉംറ നബിﷺതിരുമേനിയുടെ അടുത്തെത്തി ഖുറയ്ശികളുടെ മറുപടി അറിയിച്ചു. എന്തായാലും ഖുറയ്ശികൾ തങ്ങൾ ചെയ്ത കാര്യത്തിൽ പിന്നീട് പശ്ചാത്തപിക്കുകയും അബൂ സുഫിയാനെ നബിﷺതിരുമേനിയുടെ അടുത്ത് അയക്കുകയും ചെയ്തു. *(സുബുലുൽഹുദാ, വാല്യം 5, പേജ് 204-205, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഫത്ഹെ മക്ക, ബാശമീൽ പേജ് 111, നഫീസ് അക്കാഡമി കറാച്ചി)*

ഇദ്ദേഹത്തിന്റെ വരവിനെക്കുറിച്ചും അല്ലാഹു മുമ്പേതന്നെ നബിതിരുമേനിയോടു പറഞ്ഞിരുന്നു. അങ്ങനെ നബിﷺതിരുമേനി പ്രവചനമനുസരിച്ച് ജനങ്ങളെ അറിയിച്ചു.

അബൂസുഫിയാൻ സന്ധി പുതുക്കുന്നതിന് വന്നു. ഇതിന്റെ വിശദീകരണത്തിൽ എഴുതിയിരിക്കുന്നു: അബൂ സുഫിയാൻ മദീനയിൽ വരുന്നതിനുമുമ്പേ നബിﷺതിരുമേനി സ്വഹാബത്തിനോടു പറഞ്ഞു: 'അബൂ സുഫിയാൻ നിങ്ങളുടെ അടുത്ത് വരികയാണ്. സന്ധി പുതുക്കണമെന്നും സമാധാനം വർധിപ്പിക്കണമെന്നും അയാൾ പറയും. എന്നാൽ, അയാൾ നിരാശയോടെ മടങ്ങും. അവന്റെ ഒരു കാര്യവും അംഗീകരിക്കപ്പെടുകയില്ല.'

ഒരു നിവേദനത്തിലുണ്ട്, ഹാരിഥ് ബിൻ ഹിശാമും അബ്ദുല്ലാഹ് ബിൻ അബീ റബീഅയും അബൂ സുഫിയാന്റെ അടുത്ത് ചെന്ന് പറഞ്ഞു: 'ഈ വിഷയത്തിൽ സന്ധി അനിവാര്യമാണ്. ഈ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ മുഹമ്മദ്ﷺതന്റെ സ്വഹാബത്തിനോടൊപ്പം നമ്മളെ ആക്രമിക്കും.' അങ്ങനെ അബൂ സുഫിയാനും അയാളുടെ അടിമയും രണ്ട് ഒട്ടകപ്പുറത്ത് യാത്ര പുറപ്പെട്ടു. അവർ വേഗത്തിൽ യാത്ര ചെയ്ത് മദീനയിലെത്തി. അദ്ദേഹം ആദ്യം പോയത് തന്റെ മകളായ ഉമ്മു ഹബീബയുടെ അടുത്താണ്. അവർ നബിﷺതിരുമേനിയുടെ ഭാര്യമാരിൽ ഒരാളായിരുന്നു. അബൂസുഫിയാൻ നബിﷺതിരുമേനിയുടെ കിടക്കയിൽ ഇരിക്കാൻ മുതിർന്നപ്പോൾ ഹദ്റത്ത് ഉമ്മു ഹബീബؓകിടക്ക ചുരുട്ടിയെടുത്തു. അബൂ സുഫിയാൻ പറഞ്ഞു: 'എന്റെ മകളേ! ഈ കിടക്ക എനിക്ക് യോജിക്കുന്നില്ലേ അതോ ഞാൻ അതിന് യോഗ്യനല്ലേ?' ഹദ്റത്ത് ഉമ്മു ഹബീബؓ പറഞ്ഞു: 'ഇത് റസൂലുല്ലാഹിﷺയുടെ കിടക്കയാണ്. താങ്കൾ ഒരു മുശ്‌രിക്കും അശുദ്ധനുമാണ്. താങ്കൾ നബിﷺതിരുമേനിയുടെ കിടക്കയിൽ ഇരിക്കുന്നത് എനിക്കിഷ്ടമില്ല.'അബൂ സുഫിയാൻ പറഞ്ഞു: 'എന്റെ മകളേ, നീ എന്റെശേഷം തീയിൽപ്പെട്ടുപോയിരിക്കുകയാണ്.' ഉമ്മു ഹബീബؓപറഞ്ഞു: 'അല്ല, അല്ലാഹുവാണ് എന്നെ ഇസ്‌ലാമിലേക്ക് വഴിനടത്തിയത്. എന്റെ പിതാവേ, താങ്കൾ ഖുറയ്ശികളുടെ തലവനും നേതാവുമാണ്. താങ്കൾക്ക് ഇസ്‌ലാം സ്വീകരിക്കാനെന്താണ് ഇത്ര താമസം? കേൾക്കാനോ കാണാനോ കഴിയാത്ത വിഗ്രഹങ്ങളെ താങ്കൾ ആരാധിക്കുന്നു.' അവർ അദ്ദേഹത്തെ തബ്‌ലീഗ് ചെയ്തു.

അബൂ സുഫിയാൻ അവിടെനിന്നെഴുന്നേറ്റ് നബിﷺതിരുമേനിയുടെ അടുത്തുപോയി. നബിﷺതിരുമേനി അപ്പോൾ മസ്ജിദിലായിരുന്നു. അബൂസുഫിയാൻ പറഞ്ഞു: 'മുഹമ്മദേ!ﷺ, ഞാൻ ഹുദയ്ബിയ സന്ധി സമയത്തുണ്ടായിരുന്നില്ല. അങ്ങ് ആ കരാർ പുതുക്കുകയും ഞങ്ങൾക്ക് കാലാവധി നീട്ടിത്തരുകയും ചെയ്യുക.' അവിടന്ന് ചോദിച്ചു: 'അബൂ സുഫിയാൻ! നീ ഇതിനുവേണ്ടി മാത്രമാണോ വന്നത്?' അബൂസു പറഞ്ഞു: 'അതെ.' അവിടന്ന് ചോദിച്ചു: 'നിങ്ങളുടെ ഭാഗത്തുനിന്ന് വല്ല മാറ്റവുമുണ്ടായിട്ടുണ്ടോ?' അബൂസുഫിയാൻ പറഞ്ഞു: 'അല്ലാഹുവിൽ ശരണം, ഞങ്ങൾ ഹുദയ്ബിയ സന്ധിയിൽ ഉറച്ചുനിൽക്കുന്നു. ഞങ്ങൾ അതിലൊരു മാറ്റവും വരുത്തിയിട്ടില്ല.' (അബൂസുഫിയാൻ തെറ്റായ വിവരമാണ് നൽകിയത്). നബിﷺതിരുമേനി പറഞ്ഞു: 'ഞങ്ങളും ഞങ്ങളുടെ കരാറിലും സന്ധിയിലും ഉറ

• ഹദീഥുന്നബ്‌വിﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വിﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ച്ചുനിൽക്കുന്നു. ഞങ്ങളും ഒരു മാറ്റവും വരുത്തിയിട്ടില്ല. ഞങ്ങളുടെ കരാർ നിലനിറുത്തണം. ശരിതന്നെയാണ് ഞങ്ങളും ഒരു മാറ്റവും വരുത്തിയിട്ടില്ല.' അബൂസുഫിയാൻ തന്റെ വാദം ആവർത്തിച്ചുകൊണ്ടിരുന്നു, എന്നാൽ നബിﷺതിരുമേനി അയാൾക്കൊരു മറുപടിയും നൽകിയില്ല. അയാൾ ഹദ്റത്ത് അബൂബക്ർؓന്റെ അടുത്തുപോയി അവരോടു പറഞ്ഞു: 'മുഹമ്മദുമായി ﷺസംസാരിക്കുക, അല്ലെങ്കിൽ താങ്കളുടെ ഭാഗത്തുനിന്ന് ജനങ്ങൾക്ക് അഭയം പ്രഖ്യാപിക്കുക. ഹദ്റത്ത് അബൂബക്ർؓപറഞ്ഞു: 'എന്റെ അഭയം നബിﷺതിരുമേനിയുടെ അഭയത്തിലാണ്.'പിന്നീട് അബൂ സുഫിയാൻ ഹദ്റത്ത് ഉമർؓന്റെ അടുത്തുചെന്ന് ഹദ്റത്ത് അബൂബക്ർؓനോടു സംസാരിച്ചതുപോലെ സംസാരിച്ചു. പിന്നീട് ഹദ്റത്ത് ഉഥ്മാൻؓന്റെ അടുത്തുപോയി അദ്ദേഹത്തോടു പറഞ്ഞു: 'ജനങ്ങളിൽ നിങ്ങളെക്കാൾ ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്ന മറ്റാരുമില്ല. സന്ധിയുടെ കാലാവധി വർധിപ്പിക്കുകയും കരാർ പുതുക്കുകയും ചെയ്യുക. നിങ്ങളുടെ കൂട്ടുകാരൻ നിങ്ങളുടെ വാക്ക് തള്ളിക്കളയുകയില്ല.' അദ്ദേഹം പറഞ്ഞു: 'എന്റെ അഭയം നബിﷺതിരുമേനിയുടെ അഭയത്തിലാണ്.' പിന്നീട് അദ്ദേഹം അവിടെനിന്ന് നിരാശനായി ഹദ്റത്ത് അലിؓയുടെ അടുത്തുപോയി പറഞ്ഞു: 'യാ അലി, ബന്ധത്തിൽ നിങ്ങൾ എനിക്കേറ്റവും അടുത്തയാളാണ്. ഞാൻ ഒരു പ്രധാന കാര്യത്തിനു വേണ്ടിയാണ് വന്നത്. എന്നാൽ, വെറുംകൈയോടെ മടങ്ങാൻ ഞാനാഗ്രഹിക്കുന്നില്ല. മുഹമ്മദ്ﷺന്റെ അടുത്ത് എനിക്കുവേണ്ടി ശിപാർശ ചെയ്യുക.' ഹദ്ത്ത് അലിؓമറുപടി നൽകി: 'അബൂ സുഫിയാൻ! നിനക്കു നാശം! നബിﷺതിരുമേനി ഒരു കാര്യത്തിൽ ഉറച്ച തീരുമാനമെടുത്താൽ, ഞങ്ങൾക്കതിനെക്കുറിച്ച് നബിയോടു സംസാരിക്കാൻ കഴിയുകയില്ല. ഞങ്ങൾക്ക് അപ്പോൾ ഒന്നും ചെയ്യാനും കഴിയുകയില്ല.'

അദ്ദേഹം ഹദ്റത്ത് അലിؓയോടു പറഞ്ഞു: 'യാ അലീ! കാര്യങ്ങൾ കൈവിട്ട് പോയിരിക്കുന്നു. എനിക്കൊരു ഉപദേശം നൽകുക.'

ഹദ്റത്ത് അലിؓപറഞ്ഞു: 'അല്ലാഹുവാണെ സത്യം, നിനക്ക് പ്രയോജനം ചെയ്യുന്ന ഒരു കാര്യവും എനിക്കറിയില്ല. പക്ഷേ, നീ ബനൂകിനാനയുടെ നേതാവാണല്ലോ. എഴുന്നേൽക്കുക. ജനങ്ങൾക്കിടയിൽ അഭയം പ്രഖ്യാപിക്കുക. എന്നിട്ട് നിന്റെ നഗരത്തിൽ മടങ്ങിപ്പോകുക.'

അബൂസുഫിയാൻ മസ്ജിദുന്നബ്വിയിൽ പോയി പറഞ്ഞു: 'ഓ ജനങ്ങളേ, ഞാൻ ജനങ്ങൾക്കിടയിൽ സമാധാനം പ്രഖ്യാപിച്ചിരിക്കുന്നു. എന്റെ കരാർ നിങ്ങൾ ലംഘിക്കില്ലെന്ന് ഞാൻ കരുതുന്നു.' അദ്ദേഹം നബിﷺതിരുമേനിയുടെ അടുത്തു വന്ന് പറഞ്ഞു: 'ഓ മുഹമ്മദേ! ഞാൻ ജനങ്ങൾക്കിടയിൽ സമാധാനം പ്രഖ്യാപിച്ചിരിക്കുന്നു.' അവിടന്ന് പറഞ്ഞു: 'അബൂ ഹൻസലേ, ഇത് പറയുന്നത് നീ മാത്രമാണ്.' അതായത്, ഞങ്ങൾ ഇക്കാര്യത്തിൽ ഒന്നും പറയുന്നില്ല. ഇത് നിന്റെ ഏകപക്ഷീയമായ പ്രഖ്യാപനമാണ്. പിന്നെ അദ്ദേഹം തന്റെ ഒട്ടകപ്പുറത്തു കയറി തിരിച്ചുപോയി.(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 205-207 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഒരു നിവേദനമുസരിച്ച് അദ്ദേഹം ഹദ്റത്ത് ഫാതിമയോടും ശിപാർശ ചെയ്യാൻ സംസാരിച്ചിരുന്നു, എന്നാൽ, അവരും വിസമ്മതിച്ചു.(മുൻതഖിബ് സീറത്തെ മുസ്ത്വഫാﷺ, പ്രൊഫസർ ഡോക്ടർഅബ്ദുൽ അസീസ് ബിൻ ഇബ്റാഹീമുൽ ഉംരീ, പേജ് 392, ദാറുസ്സലാം)

അങ്ങനെ, അബൂസുഫിയാൻ പുതിയ ഉടമ്പടിയോ ധാരണയോ ഉണ്ടാക്കാനുള്ള എല്ലാ ശ്രമങ്ങളിലും പരാജയപ്പെട്ട് നിരാശയോടെ മടങ്ങി. അബൂസുഫിയാൻ തന്റെ ഗോത്രത്തിൽ തിരികെ വന്ന് എല്ലാ കാര്യങ്ങളും അവരോടു പറഞ്ഞപ്പോൾ അവരും അബൂസുഫിയാനെ 'നീ ഒരു നല്ല കാര്യവും കൊണ്ടുവന്നില്ലല്ലോ' എന്ന് പറഞ്ഞ് കുറ്റപ്പെടുത്തി. *(ഖാത്തമുന്നബിയ്യീൻﷺ, വാല്യം 3, പേജ് 1190, അബൂസുഹ്റ, ദാറുത്തുറാഥ് ബെയ്റുത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓചരിത്രപരമായ അടിസ്ഥാനത്തിൽ ഇതു വിവരിച്ചിട്ടുണ്ട്. ഇപ്രകാരം എഴുതിയിരിക്കുന്നു:

"മക്കക്കാർ അബൂസുഫിയാനെ മദീനയിൽ അയച്ചു. മുസ്‌ലിമീങ്ങളെ ഏതുവിധേനയും ആക്രമണത്തിൽനിന്ന് തടയാനായിരുന്നു അത്. അബൂസുഫിയാൻ മദീനയിലെത്തിയപ്പോൾ നബിﷺതിരുമേനിയെ ആക്രമണത്തിൽ നിന്ന് പിന്മാറാൻ നിർബന്ധിക്കാൻ തുടങ്ങി. അയാൾ പറഞ്ഞു: 'ഞാൻ ഹുദയ്ബിയ സന്ധിക്ക് ഉണ്ടായിരുന്നില്ല. അതുകൊണ്ട് പുതിയൊരു കരാറുണ്ടാക്കുക.' എന്നാൽ, നബി ﷺതിരുമേനി അദ്ദേഹത്തിന്റെ വാക്കിന് മറുപടി നൽകിയില്ല. കാരണം മറുപടി നൽകുന്നത് രഹസ്യങ്ങൾ വെളിപ്പെടുത്തുമായിരുന്നു. നിരാശനായ അബൂസുഫിയാൻ പരിഭ്രാന്തനായി മസ്ജിദിൽനിന്നുകൊണ്ട് വിളിച്ചുപറഞ്ഞു: 'അല്ലയോ ജനങ്ങളേ! ഞാൻ മക്കക്കാരുടെ ഭാഗത്തുനിന്ന് നിങ്ങൾക്ക് പുതിയ സമാധാനം പ്രഖ്യാപിക്കുന്നു.' ഇതു കേട്ടപ്പോൾ മുസ്‌ലിമീങ്ങൾ അവന്റെ മണ്ടത്തരത്തിൽ ചിരിച്ചു. നബിﷺതിരുമേനി പറഞ്ഞു: 'അബൂ സുഫിയാനേ, ഇക്കാര്യം നീ ഏകപക്ഷീയമായി പറയുകയാണ്. ഞങ്ങൾ നീയുമായി അത്തരമൊരു കരാറുമുണ്ടാക്കിയിട്ടില്ല."*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20 പേജ് 337)*

നമ്മുടെ ഗവേഷണ വിഭാഗം ഇക്കാര്യത്തിൽ ഒരു കുറിപ്പെഴുതിയിട്ടുണ്ട്: 'അബൂസുഫിയാൻ താൻ ഹുദയ്ബിയ സന്ധിക്കുണ്ടായിരുന്നില്ലെന്ന്' പറഞ്ഞത് പരിശോധിക്കേണ്ട കാര്യമാണ്. ചിലയാളുകൾ ഇത് രേഖപ്പെടുത്തിയിട്ടുണ്ടാകാം, അതുകൊണ്ടാണ് അവർ ഇക്കാര്യമുന്നയിച്ചത്. സാധാരണക്കാർക്ക് ഇത് അത്ര പ്രാധാന്യമുള്ള കാര്യമല്ല. എന്നാൽ, ചരിത്രപരമായ കാര്യങ്ങളിൽ ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർ ഈ ചോദ്യം ഉന്നയിച്ചേക്കാം: 'ഞാൻ ഉണ്ടായിരുന്നില്ല' എന്ന് പറയുന്നത് പരിശോധിക്കേണ്ടതല്ലേ? കാരണം, ചരിത്രജീവചരിത്ര ഗ്രന്ഥങ്ങളിൽ ചിലതിൽ ഈ സന്ദർഭത്തിൽ, അതായത് മദീനയിലെത്തിയപ്പോൾ, അബൂസുഫിയാൻ താൻ ഹുദയ്ബിയ സന്ധിക്കുണ്ടായിരുന്നില്ല എന്ന് പറഞ്ഞതായി കാണാം. എന്നാൽ, ഭൂരിഭാഗം ഗ്രന്ഥങ്ങളും മൗനം പാലിക്കുന്നു. ചില ജീവചരിത്രങ്ങളിൽ അദ്ദേഹം അങ്ങനെ പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഭൂരിഭാഗം ഗ്രന്ഥങ്ങളും മൗനം പാലിക്കുന്നു. ഭൂരിഭാഗം ചരിത്രകാരന്മാരും അബൂസുഫിയാന്റെ ഈ വാക്ക് പരാമർശിച്ചിട്ടില്ല.

മൂന്നാമത്തെ കാര്യം, ഹുദയ്ബിയ സന്ധിക്ക് അബൂസുഫിയാൻ ശരിക്കുമുണ്ടായിരുന്നില്ലേ? എന്നതാണ്. വാഖിദിയുടെ 'കിതാബുൽ മഗാസി', 'സീറത്ത് ഹൽബിയ്യ, മറ്റു ചില ഗ്രന്ഥങ്ങൾ എന്നിവയിൽ അദ്ദേഹം ആ സന്ദർഭത്തിൽ ഉണ്ടായിരുന്നില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ചരിത്രജീവചരിത്ര ഗ്രന്ഥങ്ങളിൽ ഭൂരിഭാഗവും ഹുദയ്ബിയ സന്ധിക്കുവെച്ച് നബിﷺതിരുമേനി ഹദ്റത്ത് ഉഥ്മാനെ മക്കയിൽ അയച്ചത് അബൂസുഫിയാനെയും മറ്റു ഖുറയ്ശി നേതാക്കളെയും തങ്ങൾ യുദ്ധത്തിന് വന്നതല്ലെന്ന് അറിയിക്കാനാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് അബൂസുഫിയാൻ അന്നവിടെ ഉണ്ടായിരുന്നുവെന്നാണ്. എങ്കിലും, ഹുദയ്ബിയ സന്ധിക്കുവെച്ച് അയാൾ നബിﷺതിരുമേനിയുമായി സംസാരിക്കാനോ കരാറുണ്ടാക്കാനോ നേരിട്ട് വന്നില്ലെന്നത് ശ്രദ്ധേയ

**• ഹദീഥുന്നബ്വിﷺ •**

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്വിﷺ •**

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

മാണ്. ഖുറയ്ശികളുടെ നേതാവ് അദ്ദേഹം തന്നെയായിരുന്നിട്ടും ഈ കരാറിൽ അദ്ദേഹത്തിന്റെ ഒപ്പോ സാക്ഷ്യമോ ഇല്ല. അതുകൊണ്ട്, മദീനയിൽവെച്ച് അദ്ദേഹം 'താൻ ഹുദയ്ബിയ സന്ധിക്കുണ്ടായിരുന്നില്ല' എന്ന് പറഞ്ഞത്, കരാറെഴുതുന്ന സമയത്ത് താൻ ഉണ്ടായിരുന്നില്ലെന്നോ അല്ലെങ്കിൽ താൻ അവിടെ യഥാർഥത്തിൽ ഉണ്ടായിരുന്നില്ലെന്നോ ആകാം. എന്തായാലും, മദീനയിൽ വന്നും അദ്ദേഹം ഇതേ കാര്യം ആവർത്തിച്ചിരിക്കാം. കാരണം തന്റെ ഒപ്പ് അതിലില്ല എന്നതുതന്നെ!

എന്തായാലും, ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഇത് ഗവേഷണ വിഭാഗത്തിന്റെ അഭിപ്രായമാണ്. എന്നാൽ, അവർതന്നെ അവരുടെ ഈ അഭിപ്രായത്തെ, അതായത് അബൂസുഫിയാൻ കരാറിൽ ഉൾപ്പെട്ടിരുന്നില്ലെന്നതിനെ, അവർ പറയുന്ന വിശദീകരണങ്ങളിലൂടെതന്നെ നിരാകരിക്കുന്നുണ്ട്. കാരണം, ഒരു നേതാവായിരുന്നിട്ടും കരാറിൽ അദ്ദേഹത്തിന്റെ ഒപ്പില്ല എന്നത് അവർ ചൂണ്ടിക്കാണിക്കുന്നു. ഇതു തന്നെയാണ് അബൂസുഫിയാൻ ഒരു ന്യായീകരണമായി ഉപയോഗിച്ചത്. അതിനാൽ, അദ്ദേഹം മദീനയിൽ വന്ന് 'താൻ കരാറിൽ ഉൾപ്പെട്ടിരുന്നില്ല' എന്ന് പറഞ്ഞതിൽ ഒരു സംശയവും വേണ്ട. അദ്ദേഹം അങ്ങനെ പറഞ്ഞത് ശരിയായിരുന്നു. ഒരുപക്ഷേ, 'ഉൾപ്പെട്ടിരുന്നു' 'സന്നിഹിതനായിരുന്നു' എന്നീ വാക്കുകളുടെ ഉപയോഗത്തിൽ വിവരണക്കാരന് തെറ്റ് സംഭവിച്ചിരിക്കും. പക്ഷേ, സംഭവങ്ങൾ സൂചിപ്പിക്കുന്നത് അയാൾ തന്റെ കരാറിന്റെ ഭാഗമായിരുന്നില്ലെന്ന് പ്രഖ്യാപിച്ചുവെന്നാണ്. ഇതാണ് വ്യക്തമായി വരുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദുംؓ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം അങ്ങനെ പറഞ്ഞുവെന്നും അവിടന്ന് അതംഗീകരിച്ചുവെന്നും! അദ്ദേഹം കരാറിൽ ഉൾപ്പെട്ടിരുന്നില്ല എന്നതുതന്നെയാണ് ശരിയായി തോന്നുന്നത്, 'താൻ സന്നിഹിതനായിരുന്നു' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. എന്തായാലും, ഇത് ഒരു ചരിത്രപരമായ വിഷയമായിരുന്നു, ഞാൻ അത് വിവരിച്ചു എന്ന് മാത്രം. അതിനാൽ, ഇതിൽ ഒരു ആശയക്കുഴപ്പവും ആവശ്യമില്ല, ഒരു ചോദ്യവുമുയരുന്നില്ല. ഈ കാര്യം വളരെ വ്യക്തമാണ്.

എന്തായാലും, ഈ സൈനിക നടപടിക്ക് പോകുന്നതിനെക്കുറിച്ചുള്ള വിശദീകരണങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്, നബി ﷺതിരുമേനി അതീവ രഹസ്യമായി യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചുവെന്നാണ്. ജനങ്ങളോടു യാത്രയ്ക്ക് തയ്യാറെടുക്കാൻ അവിടന്ന് കൽപ്പിച്ചുവെങ്കിലും, എവിടേക്കാണ് പോകേണ്ടതെന്ന് പറഞ്ഞില്ല. നബി ﷺതിരുമേനി ഹദ്റത്ത് ആഇശയോട്ؓ പറഞ്ഞു: 'എന്റെ യാത്രയ്ക്കുള്ള സാധനങ്ങൾ തയ്യാറാക്കുക.' ഇത് പറഞ്ഞ് അവിടന്ന് വീട്ടിൽ നിന്ന് പുറത്തുപോയി. അപ്പോൾ ഹദ്റത്ത് അബൂബക്ർؓതന്റെ മകളായ ഹദ്റത്ത് ആഇശയുടെؓഅടുത്ത് വന്നു. ആ സമയത്ത് ഹദ്റത്ത് ആഇശؓ, നബി ﷺതിരുമേനിയുടെ സാധനങ്ങൾ ഒരുക്കി വെക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്ർؓചോദിച്ചു: 'അല്ലാഹുവിന്റെ റസൂൽ ഏതെങ്കിലും യുദ്ധത്തിന് പോകാനുദ്ദേശിക്കുന്നുണ്ടോ?' ഹദ്റത്ത് ആഇശാؓമൗനം പാലിച്ചു. ഹദ്റത്ത് അബൂബക്ർ ؓപറഞ്ഞു: 'ഒരുപക്ഷേ, റോമക്കാരുടെ അടുത്ത് പോകാൻ ഉദ്ദേശിക്കുന്നുണ്ടാവും, അല്ലെങ്കിൽ നജ്ദിലെ ജനങ്ങളുടെ അടുത്ത് പോകാൻ ഉദ്ദേശിക്കുന്നുണ്ടാവും, അല്ലെങ്കിൽ ഖുറയ്ശികളുടെ അടുത്ത് പോകാനുദ്ദേശിക്കുന്നുണ്ടാവും. പക്ഷേ, അവരുമായി കരാറിന്റെ കാലാവധി ഇനിയും ബാക്കിയുണ്ടല്ലോ.' ഹദ്റത്ത് ആഇശാؓ അദ്ദേഹത്തിന്റെ ഓരോ ചോദ്യത്തിലും മൗനം പാലിച്ചു, ഒരു മറുപടിയും നൽകിയില്ല. അതിനിടെ നബി ﷺതിരുമേനി തിരികെ വന്നു. അപ്പോൾ ഹദ്റത്ത് അബൂബക്ർؓ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങ് എവിടേക്കെങ്കിലും പോകാനുദ്ദേശിക്കുന്നുണ്ടോ?' അവിടന്ന് പറഞ്ഞു:ഉണ്ട്. ഹദ്റത്ത് അബൂബക്ർؓചോദിച്ചു: 'അങ്ങയുടെ ഉദ്ദേശ്യം ബനൂഅസ്ഫറിന്റെ (റോമാക്കാരുടെ) അടുത്തേക്കാണോ?' അവിടന്ന് പറഞ്ഞു: 'അല്ല.' ഹദ്റത്ത് അബൂബക്ർؓചോദിച്ചു: 'അങ്ങയുടെ ഉദ്ദേശ്യം നജ്ദിലെ ജനങ്ങളുടെ അടുത്തേക്കാണോ?' അവിടന്ന് പറഞ്ഞു: 'അല്ല.' ഹദ്റത്ത് അബൂബക്ർؓചോദിച്ചു: 'അങ്ങയുടെ ഉദ്ദേശ്യം ഖുറയ്ശികളുടെ അടുത്തേക്കാണോ?' അവിടന്ന് പറഞ്ഞു: 'അതെ.' ഇതുകേട്ട് ഹദ്റത്ത് അബൂബക്ർؓചോദിച്ചു: 'അങ്ങും അവർക്കുമിടയിൽ ഒരു കരാറില്ലേ? (അതായത് ഹുദയ്ബിയ സന്ധി).' അവിടന്ന് പറഞ്ഞു: 'ബനൂകഅ്ബു(ഖുസാഅ ഗോത്രം)മായി അവർ എന്തുചെയ്തുവെന്ന് നിങ്ങൾക്കറിയില്ലേ?'(മഗാസി സയ്യിദുനാ മുഹമ്മദ്ﷺ, മൂസാ ബിൻ ഉഖ്ബ, വാള്യം 3, പേജ് 119-121)

ഈ സംഭവത്തെക്കുറിച്ച് കൂടുതൽ വിശദീകരണം സീറത്തുൽ ഹൽബിയ്യയിൽ രേഖപ്പെടുത്തിയിട്ടുണ്ട്:"ഹദ്റത്ത് അബൂബക്ർؓ നബിﷺതിരുമേനിയോടു ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങ് യാത്ര ചെയ്യാനുദ്ദേശിക്കുന്നുണ്ടോ?' അവിടന്ന് പറഞ്ഞു: 'ഉണ്ട്.' ഹദ്റത്ത് അബൂബക്ർ ؓ പറഞ്ഞു: 'എങ്കിൽ ഞാനും തയ്യാറാകട്ടെയോ?' 'നബിﷺതിരുമേനി പറഞ്ഞു: 'തയ്യാറാകുക.' ഹദ്റത്ത് അബൂബക്ർؓ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എവിടേക്കാണ്? അങ്ങയുടെ യാത്രയുടെ ഉദ്ദേശ്യം?' അവിടന്ന് പറഞ്ഞു: 'ഖുറയ്ശികളുടെ അടുത്ത്. ഒപ്പം ഇതും പറഞ്ഞു: 'അബൂബക്ർ, ഈ കാര്യം ഇപ്പോൾ രഹസ്യമാക്കി വെക്കുക.' നബി ﷺതിരുമേനി ജനങ്ങളോടു തയ്യാറാകാൻ കൽപ്പിച്ചുവെങ്കിലും, എവിടേക്കാണ് പോകാനുദ്ദേശിക്കുന്നതെന്ന് അവരെ അറിയിക്കാതെ രഹസ്യമാക്കി വെച്ചു. അതിനുശേഷം നബിﷺതിരുമേനി ഗ്രാമങ്ങളിലേക്കും ചുറ്റുമുള്ള മുസ്‌ലിമീങ്ങളിലേക്കും സന്ദേശങ്ങളയച്ചു, അവരോടു പറഞ്ഞു: 'അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഏതൊരാളും റമളാൻ മാസത്തിൽ മദീനയിൽ ഹാജരാകുക.' നബിﷺതിരുമേനിയുടെ പ്രഖ്യാപനമനുസരിച്ച് അറബ് ഗോത്രങ്ങൾ മദീനയിലെത്താൻ തുടങ്ങി. മദീനയിലെത്തിയ ഗോത്രങ്ങളിൽ ബനൂഅസ്‌ലം, ബനൂഗിഫാർ, ബനൂ മുസയ്ന, ബനൂ അശ്ജഅ്, ബനൂ ജുഹയ്ന എന്നിവരുമുണ്ടായിരുന്നു. *(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 107-108, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഒരു നിവേദനമനുസരിച്ച് നബി ﷺതിരുമേനി ആദ്യം ഹദ്റത്ത് അബൂബക്ർؓനെ വിളിച്ച് കൂടിയാലോചിച്ചു. പിന്നീട് ഹദ്റത്ത് ഉമർؓനെ വിളിച്ച് കൂടിയാലോചിച്ചു, അതിനുശേഷം എല്ലാ മുസ്‌ലിമീങ്ങളോടും യാത്രയ്ക്ക് തയ്യാറാകാൻ നിർദ്ദേശിച്ചു.*(സുബുലുൽഹുദാ വാള്യം 5, പേജ് 208, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

ഈ സംഭവത്തെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: 'നബി ﷺതിരുമേനി തന്റെ ഒരു ഭാര്യയോടു പറഞ്ഞു:'എന്റെ യാത്രാ സാധനങ്ങൾ തയ്യാറാക്കുക.' അവർ യാത്രയ്ക്കുള്ള സാധനങ്ങൾ തയ്യാറാക്കാൻ തുടങ്ങി. അവിടന്ന് ഹദ്റത്ത് ആഇശയോടുؓ പറഞ്ഞു: 'എനിക്ക് സത്തൂ (മലർപ്പൊടി)പോലുള്ള ധാന്യങ്ങൾ വറുത്ത് തയ്യാറാക്കുക.' അത്തരം ഭക്ഷണങ്ങളായിരുന്നു അക്കാലത്ത് സാധാരണയായുണ്ടായിരുന്നത്. അങ്ങനെ അവർ ധാന്യങ്ങളിൽനിന്ന് മണ്ണും മറ്റും നീക്കി വൃത്തിയാക്കാൻ തുടങ്ങി. ഹദ്റത്ത് അബൂബക്ർؓ തന്റെ മകളുടെ വീട്ടിൽ വന്നപ്പോൾ ഈ ഒരുക്കങ്ങൾ കണ്ട് ചോദിച്ചു: 'ആഇശാ, ഇതെന്തിന്റെ തയ്യാറെടുപ്പാണ്? നബിﷺതിരുമേനി ഏതെങ്കിലും യാത്രയ്ക്ക് തയ്യാ

**• ഹദീഥുന്നബ്‌വിﷺ •**

**“അത്തഅ്സിയത്തു മർറത്തുൻ.”**
**അനുശോചനം ഒറ്റത്തവണ മതി.**

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്‌വിﷺ •**

**“അദ്ദുആഉ ഹുവൽ ഇബാദത്തു.”**
**ദുആ തന്നെയാണ് യഥാർഥ ആരാധന**

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

റെടുക്കുകയാണോ?' അവർ പറഞ്ഞു: 'യാത്രയ്ക്കുള്ള ഒരുക്കങ്ങൾ തന്നെയാണെന്ന് തോന്നുന്നു. അവിടന്ന് യാത്രയ്ക്ക് തയ്യാറെടുക്കാൻ പറഞ്ഞിട്ടുണ്ട്.' ഹദ്റത്ത് അബൂബക്ർؓ ചോദിച്ചു: 'വല്ല യുദ്ധത്തിനും ഉദ്ദേശിക്കുന്നുണ്ടോ?' അവർ പറഞ്ഞു: 'ഒന്നും അറിയില്ല.' ഹദ്റത്ത് ആഇശാؓമറുപടി നൽകി: 'എനിക്കൊന്നും അറിയില്ല. നബിﷺതിരുമേനി എന്നോടു യാത്രാസാധനങ്ങൾ തയ്യാറാക്കാൻ പറഞ്ഞിട്ടുണ്ട്, ഞങ്ങൾ അത് ചെയ്യുകയാണ്.' ഹദ്റത്ത് ആഇശാ ؓമറുപടി നൽകി:'ഞങ്ങൾ സാധനങ്ങൾ തയ്യാറാക്കുകയാണ്, എവിടേക്കാണ് പോകുന്നതെന്നും എന്തിനാണ് പോകുന്നതെന്നും ഞങ്ങൾക്കറിയില്ല.' രണ്ടുമൂന്ന് ദിവസത്തിനുശേഷം നബിﷺതിരുമേനി ഹദ്റത്ത് അബൂബക്ർؓനേയും ഹദ്റത്ത് ഉമർؓനെയും വിളിപ്പിച്ചു. അവിടന്ന് പറഞ്ഞു: 'നോക്കൂ, ഖുസാഅയിലെ ആളുകൾ വന്നത് നിങ്ങൾക്കറിയാമല്ലോ.' എന്നിട്ട് അവിടന്ന് സംഭവം വിവരിച്ചു: 'അല്ലാഹു എനിക്ക് ഈ സംഭവത്തെക്കുറിച്ച് മുൻകൂട്ടി വിവരം നൽകിയിരുന്നു. അവർ വഞ്ചന കാണിച്ചു, നമ്മൾ അവരുമായി കരാർ ഉണ്ടാക്കിയിട്ടുള്ളതാണ്. ഇപ്പോൾ നമ്മൾ ഭയപ്പെടുകയും മക്കക്കാരുടെ ധീരതയും ശക്തിയുംകണ്ട് അവരെ നേരിടാൻ തയ്യാറാകാതിരിക്കുകയും ചെയ്യുന്നത് വിശ്വാസത്തിന്നെതിരാണ്. എന്തായാലും, നമ്മൾ അവിടെ പോകണം. നിങ്ങളുടെ അഭിപ്രായമെന്താണ്?' ഹദ്റത്ത് അബൂബക്ർؓപറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങ് അവരുമായി കരാർ ഉണ്ടാക്കിയിട്ടുള്ളതല്ലേ? അവർ അങ്ങയുടെ സ്വന്തം ഗോത്രമല്ലേ?' അതുകൊണ്ട് അവിടന്ന് സ്വന്തം ഗോത്രത്തെ കൊല്ലുമോ എന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. നബിﷺതിരുമേനി പറഞ്ഞു: 'ഞങ്ങൾ ഞങ്ങളുടെ ഗോത്രത്തെ കൊല്ലില്ല, കരാർ ലംഘിച്ചവരെ കൊല്ലും.' പിന്നീട് അവിടന്ന് ഹദ്റത്ത് ഉമർؓനോട് ചോദിച്ചു. ഹദ്റത്ത് ഉമറിന് അദ്ദേഹത്തിന്റേതായ സ്വഭാവമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'ബിസ്മില്ലാഹ്! ഈ ദിവസം എനിക്ക് ലഭിക്കാൻ ഞാൻ എല്ലാ ദിവസവും പ്രാർഥിക്കാറുണ്ടായിരുന്നു; നബിﷺതിരുമേനിയുടെ സംരക്ഷണത്തിൽ കാഫിറുകളോട് പോരാടാൻ! നബിﷺതിരുമേനി പറഞ്ഞു:'അബൂബക്ർ വളരെ മൃദുല സ്വഭാവക്കാരനാണ്, എന്നാൽ, സത്യമായ വാക്ക് ഉമറിന്റെ നാവിൽ നിന്നാണ് പുറപ്പെടുന്നത്. ഉമർ പറഞ്ഞതാണ് ശരിയായ കാര്യം.' നബിﷺതിരുമേനി പറഞ്ഞു: 'തയ്യാറെടുക്കുക.' പിന്നീട് നബിﷺതിരുമേനി ചുറ്റുമുള്ള ഗോത്രങ്ങളിലേക്ക് വിളംബരം അയച്ചു: 'അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്ന ഓരോ വ്യക്തിയും റമളാന്റെ ആദ്യ ദിവസങ്ങളിൽ മദീനയിൽ സംഘടിക്കുക.'*(സയ്റെ റൂഹാനീ(7)അൻവാറുൽ ഉലൂം, വാള്യം 24, പേജ് 260-261)*

ഈ യാത്ര രഹസ്യമായി വെക്കാൻ നബിﷺതിരുമേനി വിവിധ തന്ത്രങ്ങൾ സ്വീകരിച്ചു. അങ്ങനെ, യാത്രയ്ക്കു മുമ്പേ ഹദ്റത്ത് അബൂ ഖതാദ ബിൻ രിബ്യിؓന്റെ നേതൃത്വത്തിൽ എട്ടു പേരടങ്ങുന്ന ഒരു സംഘത്തെ അളം താഴ്‌വരയുടെ ഭാഗത്ത് മക്കയുടെ എതിർദിശയിലേക്ക് അയച്ചു. ഇങ്ങനെ ചെയ്തത് ആളുകൾ നബിﷺതിരുമേനി ആ ദിശയിലേക്ക് പോകാനാണുദ്ദേശിക്കുന്നതെന്ന് ധരിക്കാനും, വാർത്ത പ്രചരിക്കാതിരിക്കാനും വേണ്ടിയായിരുന്നു. അളം മദീനയിൽനിന്ന് 36 മൈൽ ദൂരത്ത് കിഴക്ക് നജ്ദിലുള്ള ഒരു താഴ്‌വരയാണ്.*(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 9, പേജ് 111, ദാറുസ്സലാം)(ഫർഹങ്കെസീറത്ത് പേജ് 45, സവാർഅക്കാഡമി കറാച്ചി)*

ഇതിനുശേഷം നബിﷺതിരുമേനി മദീനയുടെ ചുറ്റുപാടുകളിൽ ചിലയാളുകളെ അയച്ചു. ഇവരുടെയെല്ലാം ചുമതല ഇതായിരുന്നു: മക്കയിൽ പോകുന്ന ഏതൊരു അപരിചിതനെയും മടക്കി അയക്കുക. ഈ ജോലികളെല്ലാം നിരീക്ഷിക്കാൻ ഹദ്റത്ത് ഉമറിനെ ചുമതലപ്പെടുത്തി, അദ്ദേഹം ഒരു നിരീക്ഷകനായി ചുറ്റി സഞ്ചരിച്ചുകൊണ്ടിരുന്നു. ഈ എല്ലാപ്രയത്നങ്ങളും ചെയ്തശേഷം, നബിﷺതിരുമേനി തന്റെ അല്ലാഹുവിന്റെ മുമ്പിൽ പ്രാർഥനയ്ക്കായി കൈകളുയർത്തി ഇങ്ങനെ അപേക്ഷിച്ചു:

**അല്ലാഹുമ്മ ഖുദ് അലാ അസ്മായിഹിം വ അബ്സ്വാരിഹിം ഫലാ യറൗനാ ഇല്ലാ ബഗ്തത്തൻ വലാ യസ്മഊനബിനാ ഇല്ലാ ഫജ്അത്തൻ**

(അല്ലാഹുവേ, ഖുറയ്ശികളുടെ ചെവികളെയും കണ്ണുകളെയും തടയേണമേ. അതായത്, അവരുടെ ചാരന്മാരെയും വിവരദാതാക്കളെയും തടയേണമേ. ഞങ്ങൾ അവരിൽ, പെട്ടെന്ന് ചെന്നെത്തുന്നതുവരെ അവർ ഞങ്ങളെ കാണാതിരിക്കാനും ഞങ്ങളെക്കുറിച്ചുള്ള ഒരു വിവരവും അവർക്ക് പെട്ടെന്ന് ലഭിക്കുന്നതുവരെ അവർ അറിയാതിരിക്കാനും.*(സീറത്തുന്നബിﷺ, ഡോക്ടർ സ്വലാബീ, മുത്തർജിം, വാള്യം 3, പേജ് 384-385)(ദാഇറയെ മആരിഫ് വാള്യം 9, പേജ് 72, ബസം ഇഖ്ബാൽ ലാഹോർ)*

നബിﷺതിരുമേനി ചെയ്ത മറ്റൊരു പ്രാർഥനയും ലഭിക്കുന്നുണ്ട്. അതിതാണ്: **അല്ലാഹുമ്മ ഖുദിൽഉയൂന വൽഅഖ്ബാറ അൻ ഖുറയ്ശിൻ ഹത്താ നബ്ഗത്തഹാ ഫീ ബിലാദിഹാ**

അല്ലാഹുവേ, ഖുറയ്ശികളുടെ ചാരന്മാരെയും അവരുടെ വിവരദാതാക്കളെയും തടയേണമേ, അങ്ങനെ ഞങ്ങൾ അവരുടെ പ്രദേശങ്ങളിൽ അവരെ പെട്ടെന്ന് കണ്ടെത്തുന്നതുവരെ.*(താരീഖുത്ത്വബരി വാള്യം 2, പേജ് 155, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇതിനുശേഷം നബിﷺതിരുമേനി യാത്ര ആരംഭിച്ചു. ഇത് കൂടുതൽ വിശദീകരണമാണ്. ഇൻശാ അല്ലാഹ് ഇനിയും മുന്നോട്ടുപോകുന്നതായിരിക്കും.

ഇപ്പോഴത്തെ ലോകത്തിന്റെ പൊതുവായ അവസ്ഥകളെക്കുറിച്ച് ഞാൻ പറയാനാഗ്രഹിക്കുന്നു. അധികവും പറയാറുണ്ട്. ദുആകൾ ചെയ്തുകൊണ്ടിരിക്കുക.

യുദ്ധം വ്യാപിക്കാനുള്ള സാധ്യതകൾ വർധിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിനോടു പ്രാർഥിച്ചുകൊണ്ടിരിക്കുക, അല്ലാഹു നമ്മെ അതിന്റെ നാശനഷ്ടങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. കാരണം, ഇപ്പോൾ ഇറാനുമേൽ ഇസ്രായേൽ ആക്രമണം നടത്തിയിരിക്കുകയാണ്. ഈ യുദ്ധസാഹചര്യം അപകടകരമായ അവസ്ഥയിലെത്തിക്കഴിഞ്ഞിരിക്കുന്നു.ഇസ്രായേൽ ഭരണകൂടം ഇപ്പോൾ ആഗ്രഹിക്കുന്നത് ഓരോ മുസ്‌ലിംരാജ്യങ്ങളെയും ഒന്നിനൊന്ന് നശിപ്പിക്കാനാണ്. എന്നാൽ, മുസ്‌ലിം രാജ്യങ്ങൾ ഉറങ്ങിക്കിടക്കുകയാണ്. അവർ തങ്ങളുടെ സ്വന്തം വികസനത്തിലും മറ്റു കാര്യങ്ങളിലും മുഴുകിയിരിക്കുകയാണ്. എന്തു സംഭവിക്കുമെന്ന് അവർക്ക് മനസ്സിലാകുന്നില്ല. മുസ്‌ലിമീങ്ങൾക്ക് അതനുസരിച്ചുള്ള പ്രവർത്തനങ്ങളില്ല, പ്രാർഥനകളിൽ ശ്രദ്ധിക്കുന്നതുമില്ല. ഇത്തരം സാഹചര്യങ്ങളിൽ ഉണ്ടാകുന്ന നഷ്ടം അവർക്ക് സങ്കൽപ്പിക്കാൻപോലും കഴിയില്ല.

അല്ലാഹു അവർക്ക് ബുദ്ധി നൽകുമാറാകട്ടെ, അവർ ഈ വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമാറാകട്ടെ. തങ്ങളുടെ ഐക്യം സ്ഥാപിക്കാൻ ശ്രമിക്കട്ടെ. 'ഇത് ഇന്ന വിഭാഗമാണ്, അത് മറ്റെ വിഭാഗമാണ് അതിനാൽ തങ്ങൾ അവരെ സഹായിക്കില്ല' എന്ന് പറയരുത്. എല്ലാ രാജ്യങ്ങളും അപകടത്തിലാണ്, കാരണം **അൽ കുഫ്റു മില്ലത്തുൻ വ്വാഹിദ** ആയിക്കഴിഞ്ഞിരിക്കുന്നു. കാഫിറുകളെല്ലാം ഒരൊറ്റ സമൂഹം പോലെയായിരിക്കുന്നു. മുസ്‌ലിമീങ്ങളും ഒരു ഉമ്മത്തുൻ വാഹിദ (ഒരൊറ്റ സമുദായം) ആകേണ്ടതുണ്ട്. അപ്പോൾ മാത്രമേ അവർക്ക് രക്ഷയുള്ളൂ. ഇതല്ലാതെ വേറെ വഴിയൊന്നുമില്ല.

അല്ലാഹു എല്ലാ നിരപരാധികളെയും എല്ലാ മർദിതരെയും വലിയ നാശങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ, നമ്മൾ പ്രാർഥനകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.*(അൽഫള്ൽ ഇന്റർനാഷണൽ 2025 ജൂലൈ 4, പേജ് 2-7)*

**പേജ് 1 ൽ നിന്ന്**

അടുത്ത് പോകാൻ സാധിക്കുകയില്ല. പക്ഷേ, എന്റെ പക്കൽ യഹൂദിയായ എന്റെ യജമാനന്റെ ആടുകളുണ്ട്. അവയെ ഞാനെന്താണ് ചെയ്യുക?" നബിﷺതിരുമേനി പറഞ്ഞു:"ആടുകളുടെ മുഖം യഹൂദിക്കോട്ടയുടെ നേരെ തിരിച്ചു നിറുത്തുക. അവയെ അതിനുനേരെ തെളിച്ചുവിടുക. അല്ലാഹുതന്നെ അവയെ അവയുടെ ഉടമസ്ഥന്റെ അടുക്കലെത്തിക്കുന്നതായിരിക്കും." അയാൾ അങ്ങനെ ചെയ്തു. ആടുകൾ കോട്ടയുടെ അടുത്തുപോയി. അവിടെയുണ്ടായിരുന്ന കോട്ടക്കാർ അവയെ ഉള്ളിൽ കടത്തി."*(സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 45)*

നബിﷺതിരുമേനി അമാനത്ത് തിരിച്ചേൽപ്പിക്കുന്നതിൽ എത്രമാത്രം ബോധവാനായിരുന്നുവെന്നും യുദ്ധത്തിന്നിടയിലും ശത്രുജനതയുടെ സമ്പത്ത് അനാവശ്യമായി പിടിച്ചെടുക്കുകയെന്നത് അനുവദനീയമല്ലെന്ന് മനസ്സിലാക്കിയിരുന്നുവെന്നതും ഈ സംഭവങ്ങളിൽ ചിന്തിക്കുമ്പോൾ മനസ്സിലാകുന്നുണ്ട്. അങ്ങേയറ്റം പുരോഗതിനേടിയ കാലഘട്ടമെന്ന് പറയുന്ന വർത്തമാന കാലത്തുപോലും യുദ്ധത്തിന്നിടയിൽ ശത്രുജനതയുടെ മൃഗങ്ങൾ കൈയിൽകിട്ടിയാൽ അവയെ ശത്രുസൈന്യത്തിനുനേരെ

തെളിച്ചുവിടുന്ന ഒരു സംഭവവും കാണുകയില്ല. യുദ്ധം ചെയ്യുന്നവരുടെ സ്വത്തുക്കൾ യുദ്ധത്തിൽ അനുവദനീയമാണെന്ന് മനസ്സിലാക്കപ്പെടുന്നു. കൊള്ളയും കവർച്ചയും നിത്യേന നടക്കുന്ന കളികളായി മസ്സിലാക്കപ്പെടുന്നു. എന്നാൽ, ആ ആടുകൾ ഇസ്‌ലാമിക സൈന്യത്തിന്നെതിരിൽ പോരാടിക്കൊണ്ടിരുന്ന ഒരാളുടേതായിരുന്നിട്ടും അവ അവയുടെ കോട്ടയിൽ തിരിച്ചെത്തുന്നതിന്റെ ഫലം നോക്കുമ്പോൾ, യുദ്ധം ദീർഘകാലം നീണ്ടുപോയാൽ മാസങ്ങളോളം അവ തങ്ങളുടെ ആഹാരത്തിനുപകരിക്കുമെന്ന് അറിഞ്ഞിട്ടും അമാനത്തിൽ ഖയാനത്തുണ്ടാകുന്നത് ഒരിക്കലും അവിടന്ന് സഹിച്ചിരുന്നില്ല. അവിടന്ന് പറഞ്ഞു, 'അമാനത്തിൽ ഖയാനത്തുണ്ടാകാതിരിക്കാൻ 'ആടുകളുടെ മുഖം യഹൂദിക്കോട്ടയുടെ നേരെ തിരിച്ചു നിറുത്തുക. അവയെ അതിനുനേരെ തെളിച്ചുവിടുക. അല്ലാഹുതന്നെ അവയെ അവയുടെ ഉടമസ്ഥന്റെ അടുക്കലെത്തിക്കുന്നതായിരിക്കും.' ഇപ്രകാരം നബിﷺതിരുമേനി അയാൾ മുസ്‌ലിമായുടനെ ആദ്യം നല്കിയ പാഠം, ആരെങ്കിലും അമാനത്ത് മുതൽ നിങ്ങളെ ഏൽപ്പിച്ചാൽ നിങ്ങളുടെ നിർബന്ധ കടമയാണ് അങ്ങേയറ്റം പ്രതിസന്ധിഘട്ടങ്ങളിലും അതു സംരക്ഷിക്കുകയും ഉടമസ്ഥന് മടക്കിക്കൊടുക്കുകയും ചെയ്യുക എന്നത്. സ്വഹാബത്ത് നബിﷺതിരുമേനിയിൽനിന്ന് ഈ പാഠം പഠിച്ചു. അവരും അതനുസരിച്ച് എത്രമാത്രം കൃത്യനിഷ്ഠയോടെ പ്രവർത്തിച്ചുവെന്നാൽ, അതിന്റെ ഉദാഹരണം ഇന്ന് സംസ്കാരത്തിന്റേയും സഭ്യതയുടേയും വാദക്കാരായ ജനതകളിൽപ്പോലും എവിടേയും കാണാൻ കഴിയുന്നില്ല. സ്വഹാബത്ത് കാണിച്ച ഈ മാതൃക എത്രമാത്രം ഗംഭീരമാണ്.

ഹുമുസ്വ് ക്രിസ്തീയ കേന്ദ്ര നഗരമായിരുന്നു. അത് മുസ്‌ലിമീങ്ങളുടെ അധീനതയിൽ വന്നു. അവർ ലക്ഷക്കണക്കിനു രൂപ ക്രിസ്ത്യാനകളിൽനിന്ന് ടാക്സായി വസൂൽച്ചെയ്തു. പക്ഷേ, അവർക്ക് യുദ്ധപരമായ ഗുണത്തിനുവേണ്ടി ഈ നഗരം കാലിയാക്കേണ്ടിവന്നപ്പോൾ അവർ അവിടുത്തെ ഉത്തരവാദപ്പെട്ടവരെ വിളിച്ചു. അവരുടെ മുഴുവൻ തുകയും അവർക്ക് തിരിച്ചു നല്കി. അവരോടു പറഞ്ഞു:'നിങ്ങളിൽനിന്ന് ഈ ടാക്സ് ഞങ്ങൾ വാങ്ങിയത് ഞങ്ങൾ നിങ്ങളുടെ ജീവനും സ്വത്തും കാത്തുസൂക്ഷിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ, ഇപ്പോൾ അവസ്ഥകൾ ആശങ്കാജനകമായി മാറുകയാണ്. ഞങ്ങൾ ഈ നഗരം ഉപേക്ഷിച്ചു പോകുകയാണ്. അതുകൊണ്ട് നിങ്ങളുടെ പണം ഞങ്ങളുടെ കൈയിൽ വെക്കുന്നത് നിയമപരമായി സത്യസന്ധതയ്ക്കും വിശ്വസ്തതയ്ക്കും വിരുദ്ധമായി ഞങ്ങൾ മനസ്സിലാക്കുന്നു.' അങ്ങനെ ലക്ഷക്കണക്കിന് രൂപ അവർക്ക് മടക്കിക്കൊടുത്തു. ചരിത്രം പറയുന്നു:ആ സംഭവം ക്രിസ്ത്യാനികളുടെ ഹൃദയങ്ങളെ എത്രമാത്രം സ്വാധീനിച്ചുവെന്നാൽ മുസ്‌ലിംസൈന്യം നഗരത്തിൽനിന്ന് പുറപ്പെട്ടപ്പോൾ യാത്ര പറയുന്നതിനുവേണ്ടി അവരോടൊപ്പം നടന്നു. അവരുടെ കണ്ണുകളിൽനിന്ന് കണ്ണീരൊഴുകിക്കൊണ്ടിരുന്നു. അവർ പറയുന്നുണ്ടായിരുന്നു, 'ദൈവം വീണ്ടും നിങ്ങളെ തിരിച്ചുകൊണ്ടുവരുമാറാകട്ടെ. നിങ്ങളെപ്പോലുള്ള നല്ലവരായ ഭരണാധികാരികളെ ഇന്നുവരെ ഞങ്ങൾ കണ്ടിട്ടില്ല.' ഇപ്രകാരം ഇസ്‌ലാം ഭരണത്തേയും അമാനത്തായി അതായത് സൂക്ഷിപ്പുമുതലായി നിശ്ചയിച്ചു. അതു കൽപ്പിച്ചു, 'ഈ അമാനത്ത് നിങ്ങളുടെ ചുമതലയിലായിരിക്കുമ്പോൾ ഒരിക്കലും അതിൽ ഖയാനത്ത് അഥവാ വിശ്വാസവഞ്ചന കാണിക്കരുത്. എപ്പോഴും ഭരണത്തിന്റെ ചുക്കാൻ, അതിന്റെ ചുമതലകൾ പൂർണവിശ്വസ്തതയോടെ നിർവഹിക്കുന്നവരുടെ കൈയിൽ കൊടുക്കുക. മുസ്‌ലിമീങ്ങൾ ഈ കൽപ്പനയനുസരിച്ച് വളരെ കൃത്യനിഷ്ഠയോടെ പ്രവർത്തിച്ചിരുന്നുവെന്ന ചരിത്രം പറയുന്നു.

ഗബ്ബൻ യൂറോപ്പിലെ ഒരു പ്രശസ്ത ക്രിസ്തീയനായ ചരിത്രകാരനായിരുന്നു. അദ്ദേഹം റോമിലെ അവസ്ഥകളെ സംബന്ധിച്ച് ഒരു ചരിത്ര ഗ്രന്ഥമെഴുതി. അദ്ദേഹം ഈ ഗ്രന്ഥത്തിൽ അലിപ് അർസലാനിന്റെ മകനായ മലിക്ശാഹിനെ സംബന്ധിച്ച് വിവരിച്ചിരിക്കുന്നു: 'അദ്ദേഹം ചെറുപ്രായത്തിലായിരിക്കുമ്പോൾ പിതാവ് മരിച്ചു. അദ്ദേഹം മരിച്ചതിനുശേഷം മലിക് ശാഹിന്റെ പിതൃസഹോദരനും ഒരു പിതൃസഹോദരമകനും ഒരു സ്വന്തം സഹോദരനും മലിക്ശാഹിന്നെതിരിൽ ചക്രവർത്തിപദം വാദിച്ചു. പരസ്പരം ആഭ്യന്തരകലഹമുണ്ടായി. മലിക് ശാഹിന്റെ പ്രധാന മന്ത്രിയായിരുന്നു നിള്വാമുദ്ദീൻ ത്വൗസി. അദ്ദേഹം ശിയ ആയിരുന്നു. ഈ യുദ്ധത്തിൽ താങ്കൾക്ക് വിജയമുണ്ടാകുന്നതിന് താങ്കൾ എന്നോടൊപ്പം ഇമാം മൂസാ രിളായുടെ ഖബ്റിൽ ദുആ ചെയ്യാൻ വരണമെന്ന് അദ്ദേഹം മലിക് ശാഹിനോടു അപേക്ഷിച്ചു. അങ്ങനെ മലിക് ശാഹ് അദ്ദേഹത്തോടൊപ്പം പോയി. അദ്ദേഹം അവിടെ ദുആ ചെയ്തു. ദുആ ചെയ്തു കഴിഞ്ഞപ്പോൾ മലിക് ശാഹ് നള്വാമുൽമുൽക് ത്വൗസിയോടു ചോദിച്ചു, 'അങ്ങ് എന്താണ് ദുആ ചെയ്തത്?' അയാൾ പറഞ്ഞു:"അല്ലാഹു അങ്ങയ്ക്ക് വിജയം നല്കട്ടെ എന്നാണ് ഞാൻ ദുആ ചെയ്തത്.' മലിക് ശാഹ് പറഞ്ഞു, 'പക്ഷേ, ഞാൻ ഇങ്ങനെ ദുആ ചെയ്തില്ല. ഞാൻ ദുആ ചെയ്തത് ഇതാണ്:"എന്റെ റബ്ബേ! എന്റെ സഹോദരൻ മുസ്‌ലിമീങ്ങളുടെമേൽ ഭരണം നടത്താൻ എന്നെക്കാൾ കൂടുതൽ യോഗ്യനാണെങ്കിൽ നീ അവന് വിജയം നല്കിയാലും. എന്റെ ജീവനും എന്റെ കിരീടവും എന്നിൽനിന്ന് തിരിച്ചെടുത്താലും. ഞാൻ ഈ അമാനത്തിനെ കൂടുതൽ നന്നായി നിർവഹിക്കാൻ അർഹനാണെങ്കിൽ അപ്പോൾ നീ എനിക്ക് വിജയം നല്കിയാലും." ഗബ്ബൻ അങ്ങേയറ്റം പക്ഷപാതിയായ ചരിത്രകാരനാണ്. എന്നാൽ, ഈ സംഭവത്തോടനുബന്ധിച്ച് അദ്ദേഹം അനിയന്ത്രിതമായെഴുതുന്നു, "ഈ യുവാവയ മുസ്‌ലിം രാജകുമാരന്റെ ഈ വാക്യത്തിൽനിന്ന് കൂടുതൽ പരിശുദ്ധവും ദീർഘദൃഷ്ടിയും ഈ ചരിത്രത്തിന്റെ ഏടുകളിൽ അന്വേഷിക്കുന്നത് അസംഭാവ്യമാണ്. ക്രൈസ്തവമതത്തിന്റെ വൃദ്ധരായിട്ടുളള രാജാവുപോലും ഇത്തരം സ്വഭാവങ്ങളുടെ പ്രകടനം കാണിക്കാറില്ല. ഇസ്‌ലാം അവരുടെ ബുദ്ധികളിൽ ഭരണവും ഒരു അമാനത്താണെന്നും നിങ്ങളൊരിക്കലും ഒരു അമാനത്തിലും ഖയാനത്ത് അഥവാ വഞ്ചനകാണിക്കരുതെന്നുമുള്ള കാര്യം വളരെ ശക്തമായി നാട്ടിയിട്ടുള്ളതുകൊണ്ടാണ് മുസ്‌ലിമീങ്ങളുടെ ഉള്ളിൽ ഈ ആത്മാവുണ്ടായിട്ടുള്ളത്."*(തഫ്സീറെ കബീർ, വാല്യം 6, പേജ് 131- 133, പ്രസാധനം ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

സ്വയംതന്നെ ഒരു പരിവർത്തനം ഉണ്ടാവാൻ നാം ദുആ ചെയ്തുകൊണ്ടിരിക്കണം. അതേസമയം മുആവിയؓയുടെ പുത്രനായ യസീദിന്റെ പ്രകൃതിക്കാരായ നമ്മുടെ എതിരാളികളെ നേരിടുമ്പോൾ നമ്മൾ സ്ഥിരചിത്തത കൈക്കൊള്ളുകയും വേണം.

ഹുസൂർ അയ്യദഹുല്ലാഹ് തുടർന്ന് പറഞ്ഞു. "നബിﷺതിരുമേനിയുടെമേൽ അനുഗ്രഹങ്ങൾ തേടുക എന്നത് നമ്മുടെ പ്രാർഥനകളുടെ സ്വീകാര്യതയ്ക്ക് അനിവാര്യമാണ്. പൊതുവിൽ നമ്മൾ നബിﷺ തിരുമേനിയുടെ പേരിൽ സ്വലാത്ത് ചൊല്ലണം. എങ്കിലും ഈ മാസത്തിൽ (മുഹർറ മാസത്തിൽ) പ്രത്യേകമായി അനുഗ്രഹങ്ങൾ തേടുന്നതിൽ നമ്മൾ ശ്രദ്ധതിരിക്കേണ്ടതാണ്.

നബിﷺതിരുമേനിയുടെ പ്രവചനമനുസരിച്ച് ആഗതരായ വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ؑ നബിﷺതിരുമേനിയയോട് ഉൽക്കടമായ അർപ്പണബോധമുള്ള ആളായിരുന്നു. ഒരാൾക്ക് നബിﷺതിരുമേനിയോട് എത്രത്തോളം സത്യസന്ധമായ രീതിയിൽ സ്നേഹം പ്രകടിപ്പിക്കാൻ കഴിയുമോ അതിന്റെ ഉത്തമോദാഹരണമാണ് വാഗ്ദത്ത മഹ്ദിമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ؑന്റെ സുന്നത്ത് അഥവാ നടപടിക്രമം. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും ലഘുലേഖകളും നബിﷺതിരുമേനിയാടുള്ള അതിരറ്റ സ്നേഹം കൊണ്ട് നിറഞ്ഞിരിക്കുന്നു. ആ ഗ്രന്ഥങ്ങളിലൊന്നിൽ അദ്ദേഹം പറയുന്നു:

"എന്റെ പ്രഭുവും യജമാനനും പ്രവാചകന്മാരുടെ അഭിമാനവും, മനുഷ്യകുലോത്തമനുമായ നബിﷺതിരുമേനിയുടെ കാല്പാടുകൾ പിന്തുടർന്നില്ലായിരുന്നെങ്കിൽ ഞാനീ അനുഗ്രഹത്തിന് പാത്രമാവുമായിരുന്നില്ല. ഞാൻ നേടിയിട്ടുള്ളതെല്ലാം ആ തിരുമേനിയെ പിന്തുടർന്നതുകൊണ്ടു മാത്രമാണെന്ന് പരിശോധിക്കപ്പെട്ട വിശ്വസ്തമായ അനുഭവം മുഖേന ഞാനറിയുന്നു. ആ പ്രവാചകനെ അനുഗമിക്കാതെ ആർക്കുംതന്നെ ദൈവത്തെ പ്രാപിക്കാനോ അവനെക്കുറിച്ചുള്ള അഗാധജ്ഞാനമാർജിക്കുവാനോ സാധ്യമല്ല. ഇനി, നിങ്ങൾ സ്വയം നബിﷺതിരുമേനിയുടെ നിർദ്ദേശങ്ങൾക്കും അധ്യാപനങ്ങൾക്കും പരിപൂർ

• ഹദീഥുന്നബ്വിﷺ •

"അൽഅയ്മനു ഫൽ അയ്മനു."
വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്വിﷺ •

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."
ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ണ്ണമായി അർപ്പണം ചെയ്താൽ നിങ്ങൾക്ക് ഒരു പുതിയ ഹൃദയം നല്കപ്പെടുമെന്ന് ഞാൻ നിങ്ങളെ അറിയിക്കാനാഗ്രഹിക്കുന്നു. ആ ഹൃദയം എല്ലായ്പ്പോഴും ശരിയായ ചായ്വിലാണ്; അതായത് ആ ഹൃദയത്തിന് ഭൗതികലോകത്തോടുള്ള സ്നേഹം ഉണ്ടാവുകയില്ല. അതിനുപകരം അതെപ്പോഴും ശാശ്വതമായ സ്വർഗ്ഗീയ സംതൃപ്തിക്കുവേണ്ടി ചായ്വുള്ളതായിത്തീരും. ഈ ആഗ്രഹം നിറവേറ്റിയശേഷം ഈ ഹൃദയം ഇപ്പോൾ സമഗ്രവും പരിശുദ്ധവുമായ സ്നേഹത്തിന് അനുയോജ്യമാണ്; അതായത് ദൈവികസ്നേഹം. അദ്ദേഹത്തോടുള്ള നിങ്ങളുടെ പരിപൂർണ്ണ അനുസരണംകൊണ്ട് ഈ എല്ലാ അനുഗ്രഹവും അദ്ദേഹത്തിന്റെ ആത്മീയാനന്തരാവകാശമായി നിങ്ങൾക്ക് നല്കപ്പെടും.”

മറ്റൊരവസരത്തിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്عليه السلام, നബി തിരുമേനിﷺയുടെ മഹത്തായതും ഉന്നതവുമായ പദവിയെക്കുറിച്ചു പറഞ്ഞു:

“ആദം സന്തതികളായ സകലർക്കും മുഹമ്മദ് മുസ്തഫാﷺതിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം (ശിപാർശക്കാരൻ) ഇല്ല. ആകയാൽ ഈ പ്രതാപശാലിയായ നബിയുടെനേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ! അവിടത്തേക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കല്പിക്കരുത്; ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിനുതന്നെ. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച്, യഥാർഥമായ മോക്ഷം ഈ ലോകത്തു വച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദ് നബി ﷺതിരുമേനി ആ ദൈവത്തിന്റെയും മുഴുവൻ സൃഷ്ടിജാലത്തിന്റെയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരുനബിയും ഇല്ലെന്നും ഖുർആനു തുല്യമായിട്ടുള്ള മറ്റൊരു ഗ്രന്ഥവും ഇല്ലെന്നും എന്നെന്നും ജീവിച്ചിരിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛരിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠപ്രവാചകൻ എക്കാലത്തേക്കും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ചു വിശ്വസിക്കുന്നവൻ തന്നെ.” *(റൂഹാനീ ഖസായിൻ, വാല്യം 19, ഭാ.13,14, കിശ്തീ നൂഹ്, ഭാ 15,16)*

അങ്ങനെ മുഹർറമാസം ആദ്യകാല മുസ്ലിമീങ്ങൾ, സത്യത്തെ ഉയർത്തിപ്പിടിക്കാനും തങ്ങളുടെ വിശ്വാസം സംരക്ഷിക്കാനും ചെയ്ത മഹത്തായ ത്യാഗത്തെക്കുറിച്ചു നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇന്ന്, അവരെ അനുസ്മരിക്കുകയും അവരുടെ ത്യാഗത്തെ ബഹുമാനിക്കുകയും ചെയ്യാനുള്ള ഏക സത്യമാർഗ്ഗം അവർ കാണിച്ചുതന്ന ഉന്നതനിലവാരങ്ങൾ അനുകരിക്കുകയും നബിﷺതിരുമേനിയുടെയും കുടുംബത്തിന്റേയുംമേൽ സ്വലാത്ത് അഥവാ അനുഗ്രഹം തേടുകയുമാണ്.

അതിലുപരി വാഗ്ദത്ത മഹ്ദീ മസീഹ്عليه السلامന്റെ ആഗമനമുണ്ടായ ഈ അനുഗൃഹീത കാലഘട്ടത്തിൽ, നബിﷺതിരുമേനിയുടെ നിർദ്ദേശമനുസരിച്ച് മുസ്ലിമീങ്ങൾ ആ മഹാത്മാവിൽ ബയ്അത്ത് ചെയ്യണം. അങ്ങനെ ചേരിതിരിവുകളെല്ലാം ഉപേക്ഷിച്ച് കാലത്തിന്റെ ഇമാമിന്റെ കീഴിൽ ഒന്നിക്കുക. (ദ്രി റിവ്യൂ ഓഫ് റിലീജിയൻസ്, സെപ്തംബർ 2018)

## • ഹദീഥുന്നബ്വിﷺ •




**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

## ഹദീഥുന്നബ്വിﷺ

**“അൽഖാലത്തു വാലിദത്തുൻ.”**
**മാതൃസഹോദരിയും മാതാവ് തന്നെയാണ്.**

TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ സിംഗപ്പൂർ പര്യടനം

**2013 സെപ്റ്റംബർ 27 വെള്ളിയാഴ്ച**

**ബദ്ർ വാല്യം 10 ലക്കം 28 പേജ് 10 കോളം 4 തുടർച്ച.....**

ഖുത്വ്ബ ജുമുഅയ്ക്കുശേഷം ഹുദൂർ അയ്യദഹുല്ലാഹ് ജുമുഅ നമസ്കാരവും അസ്വ്റും ജംആക്കി നമസ്കരിപ്പിച്ചു. പരിപാടി അനുസരിച്ച് ഇജ്തിമായി ബയ്അത്ത് നടന്നു. അത് മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ തൽസമയം സംപ്രേഷണം ചെയ്തു. ബയ്അത്തിന്റെ നേരത്ത് വളരെ വികാരസാന്ദ്രമായ കാഴ്ചകൾ ദൃശ്യമായി. ജീവിതത്തിൽ ആദ്യമായി ഹുദൂറിന്റെ കൈയിൽ ബയ്അത്ത് ചെയ്യാൻ അവസരം ലഭിച്ചവരായിരുന്നു അവരിലധികവും. അവരുടെ കണ്ണുകളിൽനിന്ന് നിയന്ത്രണാതീതമായി കണ്ണീരൊഴുകി. വിങ്ങിപ്പൊട്ടുന്ന വേദനയോടെ അവർ ബയ്അത്തിന്റെ വാക്കുകൾ ഉരുവിട്ടു. അല്ലാഹു അവരുടെ വികാരങ്ങൾ സ്വീകരിക്കുമാറാകട്ടെ. സീമാതീതമായ സായൂജ്യങ്ങളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ.

ആ പരിപാടിക്കുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. ഇന്നത്തെ ദിവസവും സിംഗപ്പൂർ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ അസാധാരണ പ്രാധാന്യമുള്ളതായി. സിംഗപ്പൂർ തലസ്ഥാനത്തു നിന്ന് വെള്ളിയാഴ്ച ജുമുഅ ഖുത്വ്ബ എം ടി എ യിലൂടെ രണ്ടാം പ്രാവശ്യമാണ് തൽസമയ സംപ്രേഷണം ചെയ്തത്. സിംഗപ്പൂരിലും അഹ്മദിയ്യാ ജമാഅത്തിന്റെ ശബ്ദത്തെ ചെറുക്കുവാനും അതിന്റെ അസ്തിത്വത്തെ തുടച്ചു നീക്കുവാനും എതിരാളികളുടെ ഭാഗത്തുനിന്ന് ശക്തമായ ശ്രമമുണ്ടായി. ലക്ച്ചർ നല്കുന്നതിനും സന്ദേശപ്രചാരണത്തിനുംപോയ ആരംഭകാല മിഷണറി മൗലാനാ ഗുലാം ഹുസയ്ൻ അയാസ് സാഹിബിനെ മസ്ജിദ് സുൽത്വാനിൽവെച്ച് എതിരാളികൾ മൃഗീയമായി മർദ്ദിച്ച് ബോധരഹിതനാക്കി. മസ്ജിദിന്റെ മുകളിലുള്ള തുറന്ന ജനലിലൂടെ അദ്ദേഹത്തെ താഴെ റോഡിലേക്ക് വലിച്ചെറിയുകയും ചെയ്തിരുന്നു. ശരീരത്തിന്റെ ഉള്ളിൽ അദ്ദേഹത്തിന് ആഴത്തിൽ പരിക്കേറ്റു. അരമണിക്കൂറോളം ബോധരഹിതനായി റോഡിൽത്തന്നെ കിടക്കേണ്ടി വന്നു. ഏതോ അഹ്മദി അദ്ദേഹത്തെ കാണുകയും പോലീസിനെ അറിയിക്കുകയും ആശുപത്രിയിൽ കൊണ്ടു പോവുകയും ചെയ്യുകയായിരുന്നു.


മറ്റൊരിക്കൽ അദ്ദേഹത്തെ എതിരാളികൾ ഓടിക്കൊണ്ടിരുന്ന ബസ്സിൽനിന്ന് പുറത്തേക്ക് തള്ളിയിട്ടു. ഇതിലും അദ്ദേഹത്തിന്റെ ആന്തരികാവയവത്തിന് ആഴത്തിൽ പരിക്കുപറ്റിയിരുന്നു. ആരംഭകാല അഹ്മദികളേയും ഇതേ രീതിയിൽ എതിരാളികൾ ദ്രോഹിച്ചു. എന്നാൽ, എതിരാളികളുടെ എല്ലാ ശ്രമങ്ങളേയും വിഫലമാക്കിക്കൊണ്ട് അഹ്മദിയ്യാ ജമാഅത്ത് അവിടെ തുടർച്ചയായി പുരോഗതിയുടെ വഴിയിൽ മുന്നേറുകയാണ്.

അഹ്മദിയ്യത്തിനെ വിപാടനം ചെയ്യാൻ തീവ്രശ്രമം നടന്ന സിംഗപ്പൂരിന്റെ മണ്ണിൽനിന്ന് മറ്റൊരിക്കൽക്കൂടി ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ജുമുഅ ഖുത്വ്ബ തൽസമയം ലോകത്തിന്റെ എല്ലായിടത്തും എത്തി. നിരവധി അടയാളങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ഹുദൂർ അൻവറിന്റെ ഈ സിംഗപ്പൂർ പര്യടനം സമാപിച്ചത്. ഓരോ കാൽവെയ്പിലും അല്ലാഹുവിന്റെ സഹായത്തിന്റെ കാഴ്ചകൾ ദൃശ്യമായിരുന്നു.

വൈകുന്നേരം 05.45-ന് ഹുദൂർ അൻവർ മസ്ജിദ് ത്വാഹയിലെത്തി. മസ്ജിന്റെ ഗെയ്റ്റിനു വെളിയിൽ വീൽച്ചെയറിൽ ഇരുന്നിരുന്ന ഒരു മ്യാൻമർകാരി അതിഥി അൽഹാജാ നൂർ ജഹാം സാഹിബക്ക് ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ ഭാഗ്യം ലഭിച്ചു. ഹുദൂർ വാത്സല്യത്തോടെ വിവരങ്ങൾ അന്വേഷിക്കുകയും അവരുമായി സംസാരിക്കുകയും ചെയ്തു. ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക്

## ഹദീഥുന്നബ്വിﷺ

**“ബജ്ജിലുൽ മശാഇഖ.”**
**പ്രായമുള്ളവരെ ബഹുമാനിക്കുക.**



tectona
feel more confidence
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

സൗഭാഗ്യം ലഭിച്ചു.

തുടർന്ന് മസ്ജിദ് ഹാളിൽ ഹുദൂർ അയ്യദഹുല്ലാഹ് 14 നും 25 നും ഇടയിൽ പ്രായമുള്ള വാഖ്ഫീനെ നൌഅത്വ്ഫാലും ഖുദ്ദാമുമായി കൂടിക്കാഴ്ച നടത്തുകയും അവർക്ക് ക്ലാസ്സെടുക്കുകയും ചെയ്തു. *(അവലംബം:ബദ്ർ ഉർദു 2013 നവംബർ 14)*

**2013 സെപ്റ്റംബർ 27**

**റിപ്പോർട്ട് തുടർച്ച**

**ബദ്ർ വാള്യം 10 ലക്കം 28 പേജ് 10 കോളം 4 തുടർച്ച.....**

ഖുത്വ്ബ ജുമുഅയ്ക്കുശേഷം ഹുദൂർ അയ്യദഹുല്ലാഹ് ജുമുഅ നമസ്കാരവും അസ്വ്റും ജംആക്കി നമസ്കരിപ്പിച്ചു. പരിപാടി അനുസരിച്ച് ഇജ്തിമായി ബയ്അത്ത് നടന്നു. അത് മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ തൽസമയം സംപ്രേഷണം ചെയ്തു. ബയ്അത്തിന്റെ നേരത്ത് വളരെ വികാരസാന്ദ്രമായ കാഴ്ചകൾ ദൃശ്യമായി. ജീവിതത്തിൽ ആദ്യമായി ഹുദൂറിന്റെ കൈയിൽ ബയ്അത്ത് ചെയ്യാൻ അവസരം ലഭിച്ചവരായിരുന്നു അവരിലധികവും. അവരുടെ കണ്ണുകളിൽനിന്ന് നിയന്ത്രണാതീതമായി കണ്ണീരൊഴുകി. വിങ്ങിപ്പൊട്ടുന്ന വേദനയോടെ അവർ ബയ്അത്തിന്റെ വാക്കുകൾ ഉരുവിട്ടു. അല്ലാഹു അവരുടെ വികാരങ്ങൾ സ്വീകരിക്കുമാറാകട്ടെ. സീമാതീതമായ സായൂജ്യങ്ങളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ.

ആ പരിപാടിക്കുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. ഇന്നത്തെ ദിവസവും സിംഗപ്പൂർ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ അസാധാരണ പ്രാധാന്യമുള്ളതായി. സിംഗപ്പൂർ തലസ്ഥാനത്തു നിന്ന് വെള്ളിയാഴ്ച ജുമുഅ ഖുത്വ്ബ എം ടി എ യിലൂടെ രണ്ടാം പ്രാവശ്യമാണ് തൽസമയ സംപ്രേഷണം ചെയ്തത്. സിംഗപ്പൂരിലും അഹ്മദിയ്യാ ജമാഅത്തിന്റെ ശബ്ദത്തെ ചെറുക്കുവാനും അതിന്റെ അസ്തിത്വത്തെ തുടച്ചു നീക്കുവാനും എതിരാളികളുടെ ഭാഗത്തുനിന്ന് ശക്തമായ ശ്രമമുണ്ടായി. ലക്ച്ചർ നല്കുന്നതിനും സന്ദേശപ്രചാരണത്തിനുംപോയ ആരംഭകാല മിഷണറി മൗലാനാ ഗുലാം ഹുസയ്ൻ അയാസ് സാഹിബിനെ മസ്ജിദ് സുൽത്വാനിൽവെച്ച് എതിരാളികൾ മൃഗീയമായി മർദ്ദിച്ച് ബോധരഹിതനാക്കി. മസ്ജിദിന്റെ മുകളിലുള്ള തുറന്ന ജനലിലൂടെ അദ്ദേഹത്തെ താഴെ റോഡിലേക്ക് വലിച്ചെറിയുകയും ചെയ്തിരുന്നു. ശരീരത്തിന്റെ ഉള്ളിൽ അദ്ദേഹത്തിന് ആഴത്തിൽ പരിക്കേറ്റു. അരമണിക്കൂറോളം ബോധരഹിതനായി റോഡിൽത്തന്നെ കിടക്കേണ്ടി വന്നു. ഏതോ അഹ്മദി അദ്ദേഹത്തെ കാണുകയും പോലീസിനെ അറിയിക്കുകയും ആശുപത്രിയിൽ കൊണ്ടു പോവുകയും ചെയ്യുകയായിരുന്നു.

മറ്റൊരിക്കൽ അദ്ദേഹത്തെ എതിരാളികൾ ഓടിക്കൊണ്ടിരുന്ന ബസ്സിൽനിന്ന് പുറത്തേക്ക് തള്ളിയിട്ടു. ഇതിലും അദ്ദേഹത്തിന്റെ ആന്തരികാവയവത്തിന് ആഴത്തിൽ പരിക്കുപറ്റിയിരുന്നു. ആരംഭകാല അഹ്മദികളേയും ഇതേ രീതിയിൽ എതിരാളികൾ ദ്രോഹിച്ചു. എന്നാൽ, എതിരാളികളുടെ എല്ലാ ശ്രമങ്ങളേയും വിഫലമാക്കിക്കൊണ്ട് അഹ്മദിയ്യാ ജമാഅത്ത് അവിടെ തുടർച്ചയായി പുരോഗതിയുടെ വഴിയിൽ മുന്നേറുകയാണ്.

അഹ്മദിയ്യത്തിനെ വിപാടനം ചെയ്യാൻ തീവ്രശ്രമം നടന്ന സിംഗപ്പൂരിന്റെ മണ്ണിൽനിന്ന് മറ്റൊരിക്കൽക്കൂടി ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ജുമുഅ ഖുത്വ്ബ തൽസമയം ലോകത്തിന്റെ എല്ലായിടത്തും എത്തി. നിരവധി അടയാളങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ഹുദൂർ അൻവറിന്റെ ഈ സിംഗപ്പൂർ പര്യടനം സമാപിച്ചത്. ഓരോ കാൽവെയ്പ്പിലും അല്ലാഹുവിന്റെ സഹായത്തിന്റെ കാഴ്ചകൾ ദൃശ്യമായിരുന്നു.

വൈകുന്നേരം 05.45-ന് ഹുദൂർ അൻവർ മസ്ജിദ് ത്വാഹയിലെത്തി. മസ്ജിന്റെ ഗെയ്റ്റിനു വെളിയിൽ വീൽച്ചെയറിൽ ഇരുന്നിരുന്ന ഒരു മ്യാൻമർകാരി അതിഥി അൽഹാജാ നൂർ ജഹാം സാഹിബക്ക് ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ ഭാഗ്യം ലഭിച്ചു. ഹുദൂർ വാത്സല്യത്തോടെ വിവരങ്ങൾ അന്വേഷിക്കുകയും അവരുമായി സംസാരിക്കുകയും ചെയ്തു. ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് സൗഭാഗ്യം ലഭിച്ചു.

തുടർന്ന് മസ്ജിദ് ഹാളിൽ ഹുദൂർ അയ്യദഹുല്ലാഹ് 14 നും 25 നും ഇടയിൽ പ്രായമുള്ള വാഖ്ഫീനെ നൌഅത്വ്ഫാലും ഖുദ്ദാമുമായി കൂടിക്കാഴ്ച നടത്തുകയും അവർക്ക് ക്ലാസ്സെടുക്കുകയും ചെയ്തു. (അവലംബം:ബദ്ർ ഉർദു 2013 നവംബർ 14)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian

## ഖാദിയാനിൽ തോട്ടക്കാരനെ ആവശ്യമുണ്ട്.

1. ഉദ്യോഗാർഥിയുടെ പ്രായം 50-ൽ കവിയാനും 18-ൽ കുറയാനും പാടില്ല.
2. വിദ്യഭ്യാസനിബന്ധനയൊന്നും ഉദ്യോഗാർഥിയ്ക്ക് ബാധകമല്ല.
3. ജനനത്തിയതി തെളിയിക്കുന്നതിന് ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽനിന്നുള്ള രേഖ മതിയായതായിരിക്കും.
4. ഉദ്യോഗത്തിന് നിയമിക്കുന്ന കേന്ദ്രകമ്മിറ്റി നടത്തുന്ന ഇന്റർവ്യൂയിൽ പാസാകുന്നവരെയായിരിക്കും തിരഞ്ഞെടുക്കുക.
5. ഇന്റർവ്യൂയിൽ വിജയിക്കുന്ന ഉദ്യോഗാർഥി ഖാദിയാനിലെ നൂർ ആശുപത്രിയിൽ സ്വന്തം ചെലവിൽ ആരോഗ്യപരിശോധന നടത്തി സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടതാണ്. (ചെലവ് ഏകദേശം 2500 രൂപ). നൂർ ആശുപത്രിയിലെ ആരോഗ്യബോർഡിന്റെ റിപ്പോർട്ടനുസരിച്ചായിരിക്കും ഉദ്യോഗാർഥിയെ സേവനത്തിന് തിരഞ്ഞെടുക്കുക.
6. തിരഞ്ഞെടുക്കപ്പെട്ടാൽ ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്.
7. വരാനും പോകാനുമുള്ള യാത്രച്ചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.
8. ഈ വിളംബരത്തിനുശേഷം രണ്ടുമാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളു.

നോട്ട്: ഇന്റർവ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN**

**GURUDASPUR, PUNJAB PIN:143516**

**MOB:96826 27592, 98882 32530, 9682587713 OFF:01872 501130**

**Email :diwan @qadian.in**

**• ഹദീഥുന്നബ്വി ﷺ •**

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ

**RAHMAN SHAKEER & FAMILY**

AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്വി ﷺ •**

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ

**P. ABDUL AMEER**

AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 24 July 2025 Issue-30

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# മുഹർറമാസത്തിന്റെ യാഥാർഥ്യം

## വിവർത്തനം: കെ.വി.ഹസ്സൻകോയ കോഴിക്കോട്

സ്കാരങ്ങളുടെയും ആചാരങ്ങളുടെയുമിടയിൽ, പുതുവർഷം മഹത്തായ ആഘോഷത്തിന്റെ സമയമാണ്. എന്നിരിക്കിലും ലോകമുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം മുഹർറമാസം, ഇസ്‌ലാമിക ചരിത്രത്തിലെ മഹാദുരന്തങ്ങളിലൊന്നിന്റെ അത്യന്തം വ്യാകീർണവും വേദനാജനകവും ഗൗരവാവഹവുമായ സ്മരണയാണ്. ഹിജ്റ വർഷം 61-ലാണ് നബിﷺതിരുമേനിയുടെ പ്രിയപ്പെട്ട പൗത്രനും നബിﷺതിരുമേനിയുടെ കുടുംബത്തിൽപെട്ട മറ്റു ചിലരും കർബല മൈതാനിയിൽ യസീദിന്റെ സൈന്യത്താൽ നിഷ്കരുണം രക്തസാക്ഷികളാക്കപ്പെട്ടത്.

ഹദ്റത്ത് അമീർ മുആവിയؓ, ഹദ്റത്ത് അലിؓവിനുശേഷം ഖിലാഫത്ത് അവകാശപ്പെടുകയും ഹിജ്റ 56-ൽ അതായത് ഹിജ്റക്കുശേഷം ഇസ്‌ലാമിക കലണ്ടറിന്റെ തുടക്കത്തിൽ പ്രത്യക്ഷത്തിൽ തന്റെ അവകാശിയായി തന്റെ പുത്രൻ യസീദിനെ നിയമിക്കുകയും ചെയ്തു. ഹദ്റത്ത് മുആവിയؓന്റെ ചരമത്തിനുശേഷം ഹിജ്റ വർഷം 60-ൽ യസീദ് ഖിലാഫത്തുസ്ഥാനം ഏറ്റെടുക്കുകയും തന്റെ കൈയിൽ ബയ്അത്ത് അതായത് ആത്മീയ നേതാവിനോടുള്ള അനുസരണപ്രതിജ്ഞ ചെയ്യാൻ മുസ്‌ലിമീങ്ങളോടു നിർദ്ദേശിക്കുകയും ചെയ്തു. സത്യപ്രതിജ്ഞയിൽ കൂറും അനുസരണവും പാലിക്കാനും നിർദ്ദേശിച്ചു. കൂടുതൽ ഭിന്നിപ്പും രക്തച്ചൊരിച്ചിലും ഒഴിവാക്കാൻ നിരവധി മുസ്‌ലിമീങ്ങൾ ബയ്അത്ത് ചെയ്തു. ഹദ്റത്ത് ഇമാം ഹുസയ്ൻؓ, ഹദ്റത്ത് അബ്ദുല്ലാ ബിൻ ഉമർؓ, ഹദ്റത്ത് അബ്ദുല്ലാ ബിൻ സുബയ്ർؓതുടങ്ങിയ പ്രമുഖരായ സ്വഹാബാക്കൾ ബയ്അത്ത് ചെയ്യാൻ വിസമ്മതിച്ചു. അങ്ങനെയുള്ള നിയമനത്തോട് അവർ വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. ഖിലാഫത്ത് എന്നത് ദൈവിക നിയമനമാണെന്നും അനന്തരാവകാശമല്ലെന്നും അവർ വിശ്വസിച്ചു. അടിസ്ഥാനതത്ത്വത്തോടുള്ള ഈ എതിർപ്പാണ് കർബലയെ ദുരന്തത്തിലേക്ക് നയിച്ചത്.

നബിﷺതിരുമേനിയുടെ പൗത്രനായ ഹദ്റത്ത് ഹുസയ്ന്റെ രക്തസാക്ഷിത്വം ഓരോ വർഷവും മുഹർറ മാസത്തിൽ ലോകമെമ്പാടുമുള്ള മുസ്‌ലിമീങ്ങൾ അനുസ്മരിക്കുന്നു. ചിലർ യോഗം ചേരുകയും ഈ മഹാദുരന്ത സംഭവങ്ങൾ എടുത്തുപറയുകയും ചെയ്യുമ്പോൾ മറ്റു ചിലർ തെരുവിലിറങ്ങി ഘോഷയാത്ര നടത്തുകയും ശാരീരികമായി പുനരഭിനയം നടത്തുകയും വേദന പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ട് ആ ദുർദിനത്തിൽ ശഹീദാക്കപ്പെട്ടവരെ അനുസ്മരിക്കുകയും ചെയ്യുന്നു. അതിലുപരി അനേകർ, ചരിത്രവിവരണങ്ങളെ വളച്ചൊടിക്കാനും ആ ദുരന്തസംഭവങ്ങൾ വിവരിക്കാനും ദുഃഖം പ്രകടിപ്പിക്കാനും ബിദ്അത്തുകൾ ചെയ്യാനും തുടങ്ങുന്നു.

എന്നാൽ, ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് ഒരു യഥാർഥ മുസ്‌ലിം എങ്ങനെ ഈ വിശുദ്ധമാസം ആചരിക്കണമെന്ന് വിശദീകരിക്കുന്നുണ്ട്. വിവിധ ജുമുഅ ഖുത്ബകളിൽ മുഹർറമാസാവസാനത്തിൽ ഖലീഫ തിരുമനസ്സ് കർബലയെക്കുറിച്ചും, സ്വഹാബാക്കളുടെ മഹത്തായ ത്യാഗത്തെക്കുറിച്ചും ഹദ്റത്ത് ഇമാം ഹുസയ്ؓന്റെ ഉന്നതമായ പദവിയെക്കുറിച്ചും വിവരിച്ചിട്ടുണ്ട്. കർബലയുടെ പശ്ചാത്തലം വിവരിക്കുമ്പോൾ വിശദമായ അവലോകനം നടത്തിയിട്ടുമുണ്ട്.

ഹദ്റത്ത് ഇമാം ഹുസയ്ൻؓന് ഒരൊറ്റ ഉദ്ദേശ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം സത്യം സ്ഥാപിക്കാൻ ശ്രമിച്ചു. അതാണദ്ദേഹം ചെയ്തത്. ഹദ്റത്ത് മുസ്വലിഹ് മൗഊദ്ؓ അതായത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്ؓ ഹദ്റത്ത് ഇമാം ഹുസയ്ന്റെؓനിലപാട് വളരെ മനോഹരമായി വിവരിച്ചിട്ടുണ്ട്. അദ്ദേഹം തത്ത്വാധിഷ്ഠിതമായ നിലപാടിനനുകൂലമായിരുന്നു. അതായത് ഖലീഫയെ തിരഞ്ഞെടുക്കാനുള്ള അവകാശം രാജ്യത്തിലെ ജനങ്ങൾക്ക്, അഥവാ മുഴുവൻ സമുദായത്തിനുമുള്ളതാണ്. ഒരു പുത്രന് തന്റെ പിതാവിൽനിന്ന് അത് അനന്തരാവകാശമാക്കിയെടുക്കാൻ അനുവാദമില്ല. ഈ തത്ത്വം അന്നത്തെപോലെ ഇന്നും പ്രാധാന്യമർഹിക്കുന്നു. യഥാർഥത്തിൽ ഹദ്റത്ത് ഇമാം ഹുസയ്ന്റെؓരക്തസാക്ഷിത്വം ഈ അവകാശം കൂടുതലായി ഉയർത്തിപ്പിടിക്കുന്നു. അതുകൊണ്ടുതന്നെ ഹദ്റത്ത് ഇമാം ഹുസയ്ؓനാണ് വിജയിച്ചത്, യസീദല്ല.

അങ്ങനെ ഹദ്റത്ത് ഇമാം ഹുസയ്ൻؓ യസീദിന് ബയ്അത്ത് ചെയ്യാൻ വിസമ്മതിച്ചു. എന്തെന്നാൽ ഖിലാഫത്ത് വ്യവസ്ഥിതി ഒരു രാജവാഴ്ചയോ രാജവംശഭരണമോ അല്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അതിലുപരി ഖലീഫ എന്നത് ജനങ്ങളുടെ ഇച്ഛ മുഖേനയാണെങ്കിലും അല്ലാഹു നേരിട്ട് നിയമിക്കുന്ന ആളാണ്.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്) തുടർന്നു പറയുന്നു:

"ഹദ്റത്ത് ഇമാം ഹുസയ്ൻؓ ബയ്അത്ത് ചെയ്യാൻ വിസമ്മതം പ്രകടിപ്പിച്ചെങ്കിലും അനുരഞ്ജനത്തിന് നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. മുസ്‌ലിമീങ്ങളുടെ രക്തച്ചൊരിച്ചിലിന്റെ അപകടം മനസ്സിലായപ്പോൾ അദ്ദേഹം അവരോടു കഴിയുന്നവരെല്ലാം അവിടെനിന്ന് മടങ്ങിപ്പോകണമെന്നും പറഞ്ഞു. ഏകദേശം 30 മുതൽ 40 വരെ ആളുകൾ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടൊപ്പം കൂടെനിന്നു. അതിലുപരി യസീദിന്റെ പ്രതിനിധികളോടു താൻ യുദ്ധം ചെയ്യാനാഗ്രഹിക്കുന്നില്ലെന്നും, തന്നെ പോകാനനുവദിക്കണമെന്നും ഇമാം ഹുസയ്ൻ ؓപറഞ്ഞു. തനിക്ക് ദൈവാരാധന നടത്തണമെന്നും അല്ലെങ്കിൽ മുസ്‌ലിം സാമ്രാജ്യത്തിന്റെ അതിർത്തിവരെ പോകുകയും ജിഹാദിൽ പങ്കെടുത്ത് ഇസ്‌ലാമിന്റെ മാർഗത്തിൽ രക്തസാക്ഷിയാവണമെന്നും പറഞ്ഞു. അല്ലെങ്കിൽ, തന്നെ യസീദിന്റെയടുക്കൽ കൊണ്ടുപോകണമെന്നും കാര്യത്തിന്റെ യാഥാർഥ്യത്തെക്കുറിച്ച് അദ്ദേഹത്തെ അറിയിക്കണമെന്നും പറഞ്ഞു. പക്ഷേ, യസീദിന്റെ പ്രതിനിധികൾ അദ്ദേഹത്തിന്റെ ഒരൊറ്റ വാക്കുപോലും ചെവിക്കൊണ്ടില്ല.

ഹദ്റത്ത് ഇമാം ഹുസയ്ൻؓന്റെ ഈ മഹത്തായ ത്യാഗം വിശദീകരിച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് ഖാമിസ് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് പറഞ്ഞു: "മസീഹ് മൗഊദ്ؑആരെക്കുറിച്ച് സ്വർഗ്ഗസ്ഥരായ പ്രധാനികളിൽ ഒരാളെന്നു വിശേഷിപ്പിച്ചുവോ അതായത് ഹദ്റത്ത് ഇമാം ഹുസയ്ൻؓഅദ്ദേഹം തന്റെ ക്ഷമയുടേയും സ്ഥിരചിത്തതയുടേയും മാതൃക മുഖേന സ്വർഗ്ഗത്തിലേക്കുള്ള പാത നമുക്ക് കാണിച്ചുതന്നു."

ഇന്ന്, ദശലക്ഷക്കണക്കിന് മുസ്‌ലിമീങ്ങൾ ലോകം മുഴുവനും മുഹർറ മാസത്തിലെ ആദ്യത്തെ പത്തു ദിവസം ഈ ദുരന്തത്തിൽ വിലപിക്കുന്നു. എന്നിരിക്കിലും ഒരു യഥാർഥ മുസ്‌ലിം ഈ മാസം എങ്ങനെയാണ് ആചരിക്കേണ്ടതെന്ന് ഖലീഫത്തുൽ മസീഹ് ഖാമിസ് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് പറഞ്ഞു:

"മുഹർറമാസം നമുക്കെന്തെങ്കിലും പാഠം നല്കുന്നുവെങ്കിൽ അത് ഒരാൾ എല്ലായ്പ്പോഴും നബിതിരുമേനിയുടേയും കുടുംബത്തിന്റേയുംമേൽ സ്വലാത്തു ചൊല്ലുക എന്നതാണ്. കാലത്തിന്റെ ഇമാമിന്റെ മഹത്തായ ലക്ഷ്യങ്ങൾ പൂർത്തിയാക്കുകയെന്നത് നമ്മുടെ കടമയാണ്. നമ്മൾ നബിﷺതിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കണം. നമ്മിൽ

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin